
സത്യം

അഹിംസ



# ദർശനം

(ജയ് ജഗത്)

സ്ഥാപക പത്രാധിപർ : ഡി. പങ്കജാക്ഷക്കുറുപ്പ്

| പുസ്തകം 43 | ലക്കം 1 | 2019 മാർച്ച് 15 |
|---|---|---|


എല്ലാ വായനക്കാർക്കും നമസ്കാരം

നാം ഒന്ന് ഉയർന്ന് പറന്ന് ബഹിരാകാശത്ത് പോയി ഭൂമിയെ നോക്കിയാൽ അനന്താകാശത്തിൽ ഒരു പ്രകാശഗോളമായിട്ടായിരിക്കും നമുക്ക് അനുഭവപ്പെടുന്നത്. മറ്റ് ഗോളങ്ങളുടെ ഇടയിൽ ഇത് നമ്മുടെ ഭൂമിയാണെന്ന ഒരു സന്തോഷവും ഉള്ളടുപ്പവും ഉണ്ടാകും. അപ്പോൾ ഇന്ത്യയും ചൈനയും പാകിസ്ഥാനും അമേരിക്കയും ആഫ്രിക്കയും ഒന്നും അന്യം ആണെന്ന് തോന്നുകയില്ല. ഇത് നമ്മുടെ ഭൂമി ആണെന്ന സത്യം മാത്രം മനസ്സിൽ തെളിഞ്ഞ് വരും. നമ്മുടെ മാനസികനില വാനോളം ഉയർന്നാലും ഇന്ന് കാണുന്ന ജാതി മത രാഷ്ട്രീയ വൈരുദ്ധ്യങ്ങൾ എല്ലാം അസ്തമിച്ച് ഏകാത്മ ബോധം നമുക്ക് അനുഭവപ്പെടും. മാനസിക നില അത്രത്തോളം ഉയരുന്നില്ലെങ്കിൽ അതു കണ്ടെത്തിയവരുടെ വാക്കുകൾ മനസ്സിലാക്കി മുന്നോട്ടുനീങ്ങിയാലും പരസ്പരാനന്ദ ജീവിതം സാധ്യമാകും. പിന്നെ എവിടെയാണ് തടസ്സം ? എന്താണ് പോം വഴി ? കുറുപ്പ് സറിന്റെ 96-ാം പിറന്നാൾ ദിനത്തിൽ നീർക്കുന്നത്ത് ഡോ. പത്മകുമാറിന്റെ വീട്ടിൽ ഇരുന്ന് ഞങ്ങൾ വായിച്ച ദർശനത്തിലെ പോം വഴി എന്ന ലേഖനം ഇവിടെ സമർപ്പിക്കുന്നു.

## പോംവഴി

അയോദ്ധ്യാ പ്രശ്നത്തിന് എന്താണ് ഒരു പോംവഴി ? സംവരണ പ്രശ്നം എങ്ങനെ പരിഹരിക്കാം? എല്ലാവർക്കും തൊഴിൽ എങ്ങനെ സാദ്ധ്യമാക്കാം ? പരിസ്ഥിതി മലിനീകരണം ഒഴിവാക്കാനെന്താണൊരു വഴി ? പട്ടിണിയിൽ നിന്നും മോചനം നേടാൻ

സുഗമമായ മാർഗ്ഗം ഏതാണ് ? പിന്നോക്ക മുന്നോക്ക മത്സരം എങ്ങനെ ഒഴിവാക്കാം ? കാശ്മീർ പ്രശ്നത്തിന് ശാശ്വതമായ പരിഹാരമുണ്ടോ? ലോകം ആകെ നാശോന്മുഖമാണോ ? രക്ഷാമാർഗ്ഗം ഒന്നും ഇല്ലെന്ന് വരുമോ ?

ചിന്തിക്കുന്ന മനസ്സുകളിൽ അങ്ങനെ അനവധി ചോദ്യങ്ങൾ ഉണ്ടാവും. ഓരോ ചോദ്യത്തിനും ഓരോരുത്തർക്കും ഓരോ ഉത്തരവും തോന്നാതിരിക്കില്ല. 'സർവ്വ നാശത്തിന്റെ കാലം' 'വരുന്നതെല്ലാം സഹിക്കുക നമുക്കൊന്നും ചെയ്യാനാവില്ല' 'നമ്മുടെ പിടിയിലല്ല ഒന്നും.' ഇങ്ങനെയൊക്കെ പല നിഗമനങ്ങൾ നമ്മുടെ ഇടയിലുണ്ട്. അതിൽ സമാധാനം കണ്ടെത്തുകയാണ് പലരും. ബഹുഭൂരിപക്ഷം പേരും അവനവന്റെ കാര്യങ്ങൾ നോക്കി ജീവിക്കുന്നതിനിടയിൽ ഇതൊന്നും ചിന്തിച്ച് ഉഷ്ണിക്കാറേയില്ല. ഓരോന്നും അറിയുമ്പോഴും തന്റെ കഴിവിൽപ്പെടുന്ന കാര്യമല്ലെന്നു കരുതി മുഖം തന്റെ കാര്യത്തിലേക്ക് തന്നെ തിരിക്കും.

എന്നാൽ ഇത്തരം അടിസ്ഥാന പ്രശ്നങ്ങളെ ഭൂമിയുടെ നിലനിൽപ്പിന്റെ പ്രശ്നങ്ങളോട് ചേർത്ത് ഗൗരവമായി ചിന്തിക്കുന്നവരുടെ എണ്ണം ഇന്നു കൂടിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ പോയാൽ ആർക്കും രക്ഷപ്പെടാനാവാതെ വരും എന്ന ബോധം കൊണ്ടു നടക്കുന്നവരുണ്ട്. ദർശനം അവരുടെ കൂടെയാണ്.

ഈ പ്രശ്നങ്ങൾക്ക് ചില പോം വഴികൾ കാണുന്നു. എന്നതാണ് ദർശനത്തിന്റെ പരീക്ഷണങ്ങൾക്ക് ആധാരം ആ പോംവഴി കേൾക്കുന്നവർ 'അപ്രായോഗികം ' എന്നു പറഞ്ഞുപോകുമ്പോൾ അതിനവരെ കുറ്റപ്പെടുത്തേണ്ടതില്ല. പരീക്ഷണം മുന്നോട്ട് കൊണ്ടുപോയി തെളിവാക്കിയാൽ മാത്രമേ ഇതു വിശ്വസിക്കുവാൻ പറ്റു. എന്നാൽ പ്രതിബന്ധമുള്ളത് പരീക്ഷണം മുന്നോട്ടുകൊണ്ടുപോകാൻ എല്ലാവരുടേയും സഹകരണം കൂടിയേ തീരു എന്നതാണ്. സഹകരിക്കണമെങ്കിൽ വിശ്വാസം വരണം. വിശ്വാസത്തിന് തെളിവ് വേണം. തെളിവിന് സഹകരണം വേണം. ഈ വിഷമസന്ധിയിലാണ് ദർശനം എത്തിനിൽക്കുന്നത്.

പ്രശ്നപരിഹാരത്തിന് ദർശനം കണ്ടെത്തിയ പോംവഴിയുടെ അടിസ്ഥാനം ഇവയാണ്.

1. അയോദ്ധ്യ, കാശ്മീർ തുടങ്ങി തൊഴിലില്ലായ്മ വരെയുള്ള

എല്ലാ പ്രശ്നങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഒറ്റപ്പെട്ട പരിഹാരമാർഗ്ഗാന്വേഷണം പുതിയ പ്രശ്നം ഉണ്ടാക്കുകയല്ലാതെ ഒരു പ്രശ്നവും അടിസ്ഥാനപരമായി പരിഹരിക്കില്ല. അതുകൊണ്ട് കൂട്ട ഒഴിവ് കാണണം.

2. ദീർഘ കാല പരിശ്രമത്തിലൂടെയല്ലാതെ ഉടനടി പരിഹാരം സാദ്ധ്യമല്ല. കുറുക്കുവഴികൾ കൂടുതൽ കുരുക്കിലാക്കും.

3. ഗവൺമെന്റ്, രാഷ്ട്രിയകക്ഷികൾ, വിപ്ലവസംഘടനകൾ തുടങ്ങിയ ഒരു ഏജൻസിക്കും ഒറ്റയ്ക്ക് ഒരു പ്രശ്നവും പരിഹരിക്കാനാവില്ല. ഓരോ പ്രശ്നവും മനുഷ്യന്റേതാണ്. വിഭാഗീയതകൾക്കുപരി മാനുഷികാടിസ്ഥാനത്തിൽ സർവ്വജന സഹകരണം നേടിക്കൊണ്ടു മാത്രമേ പ്രശ്നം പരിഹരിക്കാനാവൂ പരിഹാരം ഒരു സമരക്രിയയല്ല; സമൂഹജീവിതമാണ്.

4. മനുഷ്യനും മനുഷ്യനും തമ്മിലും, മനുഷ്യനും പ്രകൃതിയും തമ്മിലും ഉള്ള ജന്മസിദ്ധമായ ബന്ധം ബോധത്തിലും ഭാവനയിലും വളർത്തി ജീവിക്കുവാൻ തുടങ്ങണം. ഹിന്ദുവും, മുസ്ലീമും, കോൺഗ്രസ്സുകാരും, കമ്യൂണിസ്റ്റ്കാരും, ഉള്ളവരും, ഇല്ലാത്തവരും, പരിചിതരും, അപരിചിതരും എല്ലാവരും വേണ്ടപ്പെട്ടവരാണെന്നംഗീകരിക്കുവാനുള്ള വഴിയിലേക്ക് വിദ്യാഭ്യാസവും, ഇശ്വരാരാധനയും, ഭരണവും, കൃഷിയും വ്യവസായങ്ങളും എല്ലാം തിരിച്ചുകൊണ്ടുവരണം. ഓരോരുത്തരും എല്ലാവർക്കും വേണ്ടി എന്ന കാഴ്ചപ്പാട് സ്വീകരിക്കുമ്പോൾ പ്രശ്നങ്ങളുടെ കുരുക്കഴിയും. ഓരോ നാട്ടുകാരും ഒന്നിച്ച് അതത് നാട്ടിലുള്ള എല്ലാ പ്രശ്നങ്ങളേയും എല്ലാവരുടേതുമായി കരുതി ജീവിക്കുവാൻ തുടങ്ങണം. പ്രശ്നങ്ങൾക്കുള്ള പോംവഴി ബന്ധുത്വജീവിതമാണ്; കോടതി വിധിയല്ല. കോടതി വേണ്ടിവരുമ്പോൾ നാട്ടു കോടതിയും ആയിക്കൊള്ളും.

**ഈ ബന്ധുത്വബോധജീവിത സംസ്ക്കാരം വളർത്തി എടുക്കാതെ അയോദ്ധ്യാപ്രശ്നത്തിന് മറ്റെന്ത് പോംവഴിയാണ് ഉള്ളത് ? ഈ സംസ്ക്കാരം വളർത്തി എടുത്താൽ കാശ്മീർ പ്രശ്നവും തൊഴിലില്ലായ്മ പ്രശ്നവും ഒന്നിച്ച് പരിഹൃതമാകും. ശ്രീരാമ ക്ഷേത്രവും, ബാബറി മസ്ജിദും അയോദ്ധ്യാനിവാസികൾക്ക് വിട്ടുകൊടുക്കുക. അവർ ആലോചിച്ച് വേണ്ടതുപോലെ ചെയ്തുകൊ**

**ളളും. ഇന്നത്തെ അയോദ്ധ്യയല്ല പരസ്പരം മത്സരിക്കാതെ ഒന്നി നൊന്നു പൂരകമായി ജീവിക്കുന്നവരുടെ അയോദ്ധ്യ. അന്യോന്യം യുദ്ധം ചെയ്യാത്തവരുടെ നാടിന്റെ പേരാണ് അയോദ്ധ്യ. അയോ ദ്ധ്യകളുടെ നാടാകണം ലോകം.**

ദൈനംദിനപ്രശ്നങ്ങളുടെ നേരേ കണ്ണടച്ചുകൊണ്ട് ഭാവി ക്കുവേണ്ടി കാത്തിരിക്കുകയാണോ ശരി ? എന്നൊരു ചോദ്യം ഉണ്ടാകാം. ഇവിടെ കാത്തിരിക്കുക. എന്നിടത്താണ് അപകടം പതി യിരിക്കുന്നത്. ദീർഘവീക്ഷണത്തോടുകൂടി നിരന്തരം പ്രവർത്തി ക്കുമ്പോൾ ദൈനംദിന പ്രശ്നങ്ങളെ അഭിമുഖികരിക്കുവാൻ പുതിയ വഴികൾ തുറന്നുവരും. രണ്ടും ഒന്നിച്ചുവരും.

ഓരോരോ പ്രശ്നങ്ങളായി പരിഹരിക്കുവാനല്ല; ഈ പ്രശ്ന ഭൂമിയെ ബന്ധുത്വജീവിത ധാരാപ്രവാഹമാക്കി തീർക്കുകയാവണം സാമൂഹ്യപ്രവർത്തകരുടെ ലക്ഷ്യം. നമ്മുടെ ഈ ചെറു ഭൂമി ആകെ ഒരു പ്രശ്നമേഖലയായി പരിണമിച്ചുപോയി എന്നു നാം തിരിച്ചറി യണം. അപ്പോൾ പരിഹാരം നിയമമോ നാണയമോ, അധികാരം പിടിച്ചെടുക്കലോ സമരമോ അല്ല; സംസ്ക്കാരമാണെന്ന് ബോദ്ധ്യ മാകും. സംസ്ക്കാരമെന്നാൽ ഓരോന്നും എല്ലാറ്റിനോടും ബന്ധ പ്പെട്ടിരിക്കുന്നുവെന്ന ബോധം. ആ വഴി തിരിയുകയല്ലേ ഇനി വേണ്ടത് ?

**ഡി.പങ്കജാക്ഷകുറുപ്പ് – 1991 നവംബർ 15**

---

# എല്ലാ മതങ്ങളും സത്യം – മഹാത്മാഗാന്ധി

മഹാത്മജിയുടെയും കസ്തൂർബായുടെയും 150 –ാം ജന്മ വാർഷികം ആഘോഷിക്കുമ്പോൾ ദർശനവും അതിൽ പങ്ക് ചേരു ന്നു. മനുഷ്യരെ ധാർമിക ബോധത്തിലേക്ക് ഉണർത്താൻ ഉദിച്ച മതങ്ങൾ വഴിതെറ്റിയ അനുയായികളുടെ പോർ വിളികൾകേട്ട് ദുഃഖി ച്ച് നിൽക്കുകയാണ്. അതിന്റെ മദ്ധ്യേ ഇരുന്ന് കേഴുന്ന വൃദ്ധന്റെ മതങ്ങളെ കുറിച്ചുള്ള വാക്കുകൾ കേട്ടാലുംഎല്ലാമതങ്ങളും സത്യം. തുടർന്ന് വിട പറയുന്നതിന് 20 മണിക്കൂർ മുൻപ് 1948 ജനുവരി 29–ാം തീയതി രാത്രി മഹാത്മജി മരണത്തെ പറ്റി പറഞ്ഞ വാക്കു കളും

വിശ്വാസമില്ലെങ്കിൽ ഈ ലോകം ഒരു നിമിഷംകൊണ്ട് നില

ച്ചുപോകും. പ്രാർത്ഥനകൊണ്ടും പശ്ചാത്താപംകൊണ്ടും പവിത്രീകൃതരായവരുടെ യുക്തിസഹമായ അനുഭവമാണ് യഥാർത്ഥവിശ്വാസിത്തിനാധാരം. പണ്ടുള്ള പ്രവാചകരിലും അവതാരങ്ങളിലുമുള്ള വിശ്വാസം വെറും അന്ധവിശ്വാസമല്ല, മറിച്ച് ആന്തരതമമായ ഒരു ആത്മീയാവശ്യത്തിന്റെ നിർവ്വഹണമാണ്.

ആചാരജഡിലമോ സാമ്പ്രദായികമോ ആയ മതമെന്നല്ല ഞാൻ മതംകൊണ്ട് അർത്ഥമാക്കുന്നത്. എല്ലാ മതങ്ങളിലും അന്തർലീനമായ സ്രഷ്ടാവുമായി നമ്മെ മുഖത്തോടുമുഖം നിർത്തുന്ന മതമാണ് എന്റെ മതം. നമ്മുടെ എല്ലാ ജീവിതവ്യാപരങ്ങളിലും ഈ മതം വ്യാപിക്കണം. ഈ പ്രവഞ്ചത്തെ ഭരിക്കുന്ന വ്യവസ്ഥാപിതമായ ഒരു ധർമ്മ നീതിയുള്ള വിശ്വാസമാണ് മതം. അത് കാണപ്പെടാത്തതുകൊണ്ട് അതിന്റെ സത്യതക്ക് ഒട്ടും കോട്ടം തട്ടുകയില്ല. അത് ക്രിസ്തുമതത്തിനും ഹിന്ദുമതത്തിനുമൊക്കെ അപ്പുറത്താണ്. അത് അവയെ നിരാകരിക്കുന്നില്ല. അവയെ സംയോജിപ്പിക്കുന്നു. അവയ്ക്ക് ഉണ്മകൊടുക്കുന്നു.

ഞാൻ മതങ്ങളുടെ മൗലികസത്യത്തിൽ വിശ്വസിക്കുന്നു. അവയെല്ലാം ഈശ്വരദത്തമാണെന്നും വിശ്വസിക്കുന്നു. ഓരോമതവും അതിൽ വിശ്വസിക്കുന്നവർക്ക് ആവശ്യമാണെന്നും ഞാൻ കരുതുന്നു.

എല്ലാ മതങ്ങളും എനിക്ക് ഹിന്ദുമതംപോലെ തന്നെ അമൂല്യമാണ്. മതപരിവർത്തനചിന്ത എനിക്ക് വിചാരിക്കുക കൂടി വയ്യ. ബൈബിളും, ഖുർആനും, വേദങ്ങളെപോലെ ഈശ്വരപ്രചോദിതങ്ങളാണ്. ഇന്ന് നമുക്കാവശ്യം ഏക മതമല്ല, വിവിധ മതവിശ്വാസികളുടെ പരസ്പര ബഹുമാനവും സഹിഷ്ണുതയുമാണ്. വൈവിധ്യത്തിൽ ഏകത്വം കണ്ടെത്തേണ്ടതുണ്ട്. പാരമ്പര്യങ്ങളേയും, കാലാവസ്ഥകളെയും, സാഹചര്യങ്ങളെയും ധ്വംസിക്കുന്ന ഏതൊരു പരിശ്രമവും പരാജയപ്പെടാതെവയ്യ. അത് ഈശ്വരനിന്ദപോലുമാണ്. മതങ്ങളുടെ ആത്മാവ് ഒന്ന്, അത് ബഹു രൂപങ്ങളിൽ കുടികൊള്ളുന്നു. പുറംതോടുകളെ തള്ളി അവയ്ക്കുള്ളിൽ പുലരുന്ന ഏകമായ സത്യത്തെ കാണുന്നവനാണ് ബുദ്ധിമാൻ. സത്യം ഒരു മതത്തിന്റെയും പ്രത്യേക സ്വത്തൊന്നുമല്ല.

സത്യധർമ്മങ്ങൾക്കുപരി ഒരു മതവുമില്ല. സ്വന്തം മതത്തിന്റെ

ഹൃദയം കണ്ടവൻ മറ്റുമതങ്ങളുടെ ഹൃദയവും കാണുന്നു. യുക്തിക്കും സന്മാർഗ്ഗത്തിനും നിരക്കാത്ത ഏത് മതസിദ്ധാന്തത്തേയും ഞാൻ നിക്ഷേധിക്കുന്നു. സന്മാർഗ്ഗം വിട്ടാൽ നാം പിന്നെ ഈശ്വരവിശ്വാസികളല്ല. അസത്യവും, നിർദ്ദയതയും, ഭോഗസ്പൃഹതയും ഉള്ളവൻ ഈശ്വരൻ തന്നോടൊപ്പം ഉണ്ടെന്നു പറയുന്നത് വെറുതെ.

നാം എത്തുന്ന ലക്ഷ്യം ഒന്നാണെങ്കിൽ മാർഗ്ഗങ്ങൾ ഏതായാലെന്ത്. എല്ലാ മതങ്ങളും അങ്ങോട്ടേയ്ക്കുതന്നെചെല്ലുന്നു. നമുക്ക് സഹിഷ്ണത ഉണ്ടാവട്ടെ.

## മരണഭയം

ജനന മരണങ്ങൾ മഹാരഹസ്യങ്ങൾ ആണ്. മരണം മറ്റൊരു ജീവിതത്തിന്റെ തുടക്കമല്ലെങ്കിൽ ജനിമൃതികൾക്കിടയിലുള്ള ജീവിതമെന്ന ഈ ഇടവേള ക്രൂരമായ പരിഹാസമാണ്. മരണം ആർക്ക് എപ്പോൾ വന്നാലും ദുഃഖിക്കാതിരിക്കുവാനുള്ള കല നാം അഭ്യസിക്കേണ്ടിയിരിക്കുന്നു. ഇത് സാധിക്കണമെങ്കിൽ നമ്മുടെ മരണത്തിന്റെ നേർക്ക് നാം തികച്ചും ഉദാസീനരാകുവാൻ പഠിക്കണം. നമ്മുടെ കടമകൾ നാം നിർവഹിക്കുന്നു എന്ന അനുനിമിഷബോധം കൊണ്ടേ ഈ ഉദാസീനത കൈവരൂ. വിചാരങ്ങൾക്ക് പ്രഖ്യാപനങ്ങളും ബാഹ്യകർമ്മങ്ങളിൽ കൂടിയുള്ള പ്രകാശനവും വേണ്ടാത്ത ഒരു ഘട്ടം വരും. അപ്പോൾ വിചാരങ്ങൾ തന്നെ പ്രവർത്തിച്ച് തുടങ്ങും. അവയ്ക്ക് മഹാകർമ്മശക്തി സിദ്ധിയുണ്ട്. അത് നേടിയ ഒരുവന്റെ ബാഹ്യമായ അകർമ്മാവസ്ഥ തന്നെ കർമ്മമാകുന്നു.ഈ നൈഷ്കർമ്മ്യസിദ്ധിയാണ് എന്റെ ലക്ഷ്യം.

ധീരന്റെ അഹിംസ എനിക്കുണ്ടോ ? എന്റെ മരണം അതിനുത്തരം പറയട്ടെ. ആരെങ്കിലും എന്നെ കൊല്ലുമെങ്കിൽ ആ ഘാതകന് വേണ്ടി എന്റെ ചുണ്ടുകൾ പ്രാർത്ഥിച്ചും, സർവ്വേശ്വരനെ ഓർത്തും അദ്ദേഹത്തിന്റെ സജീവ സാന്നിദ്ധ്യം അനുഭവിച്ചുകൊണ്ടും എനിക്കു മരിച്ചുവീഴുവാൻ കഴിഞ്ഞാൽ, ധീരന്റെ അഹിംസ എനിക്കുണ്ടായിരിന്നു. എന്ന് അപ്പോൾ മാത്രം നിങ്ങൾക്ക് പറയാം.

ശരീരത്തിന്റെ കെൽപ്പ് പയ്യെ പയ്യെ നശിച്ചു മരിക്കുവാൻ എനിക്ക് ആഗ്രഹമില്ല. അതു പാരിജാത മനുഷ്യന്റെ മരണമാണ്. ഒരു ഘാതകന്റെ വെടിയുണ്ട എന്റെ ജീവിതം അവസാനിപ്പിക്കട്ടെ. ഞാനതിനെ സ്വാഗതം ചെയ്യും. അതിലുമേറേ ഇഷ്ടം അന്ത്യശ്വാസത്തിലും എന്റെ കടമ നിർവ്വഹിച്ചുമരിച്ചുമറയുവാനാണ്.

ഒരു നീണ്ട രോഗം വന്നു ഞാൻ കിടന്നു മരിക്കുമെങ്കിൽ, ഞാനവകാശപ്പെട്ടിരുന്ന ഈശ്വര പാരായണത എനിക്കില്ലായിരുന്നുവെന്ന് നിങ്ങൾ ലോകത്തോട് ഉറക്കെ പറയണം. എങ്കിലെ എന്റെ ആത്മാവിന് ശാന്തി കിട്ടു. ഇതുകൂടി ഓർത്തുകൊള്ളു, എന്നെ ആരെങ്കിലും വെടിവെച്ചു കൊല്ലുമെങ്കിൽ, ഒരു ഞരക്കം പോലുമില്ലാതെ ഈശ്വരനാമം ജപിച്ച് അന്ത്യശ്വാസം വലിക്കുവാൻ എനിക്കു സാധിച്ചാൽ അന്നു മാത്രമേ ഞാൻ ഈശ്വരവിശ്വാസിയായിരുന്നു എന്ന എന്റെ അവകാശവാദം സത്യമാകു. ഞാൻ മരിച്ചുകഴിഞ്ഞാൽ ആരും എനിക്കു പൂർണ്ണമായി പ്രതിനിധീഭവിക്കുകയില്ല. എന്റെ അല്പാംശം നിങ്ങളിൽ പലരിലും ജീവിക്കും.

എന്റെ സുഹൃത്തുക്കൾക്ക് എന്നോടു ചെയ്യാവുന്ന ഏറ്റവും വലിയ ബഹുമതി എന്റെ കർമ്മ പരിപാടിയിൽ അവർക്കുവിശ്വാസം ഉണ്ടെങ്കിൽ സ്വന്തം ജീവിതത്തിൽ അതു പ്രയോഗിച്ചുകാട്ടി ബലപ്പെടുത്തുകയും വിശ്വാസമില്ലെങ്കിൽ എന്നെ നഖശിഖാന്തം എതിർക്കുകയുമാണ്. പ്രവൃത്തിയുടെ ഈ കാലത്ത് അന്ധമായ ആരാധനയ്ക്ക് ഒട്ടുമേ വിലയില്ല, മറിച്ച് അതു വേദനാജനകം കൂടിയാണ്.

---

# ചിന്താശകലങ്ങൾ

**(സനൽകുമാർ, 9605896925)**

1. കടൽക്കരയിലെ മണ്ണിലെഴുതുന്നതെന്തും
നിമിഷത്തിനുള്ളിൽത്തിരമായ്ച്ചിടുന്നു
തൻ സന്ദർശകർക്കുള്ള വ്യഥയെയെല്ലാം
മായിച്ചിടും ഗുരുതന്റെ സ്നേഹവായ്പാൽ
2. ജഗദീശ്വരനെ സദാ സ്മരിച്ചുകൊണ്ടും
അവിടുത്തെ തിരുനാമം ഉരുവിട്ടുകൊണ്ടും
ആർക്കുമേ അസ്വസ്ഥതയേകിടാതെ

മൃതിപൂകുവാനായെങ്കിലെത്ര നന്നായ് !
3. ഭക്തിയും ശുദ്ധിയും പുലർത്തുന്നയാളിൽ
ജഗദീശ്വരൻ കൃപചൊരിഞ്ഞീടുമെന്നും
ആവശ്യമറിഞ്ഞുതന്നീടുമെന്തും
അതിന്നുവേണ്ടിട്ടലയേണ്ടതില്ലാ.
4. വനമെന്നുചൊന്നാൽ മൃഗപക്ഷിജാലങ്ങൾ
വസിക്കുന്നിടമാണു പൂർവ്വകാലം
ഇന്നത്തെക്കാലത്തു മനുജന്റെ ഹൃത്താണു
ഏറെ ഭയക്കേണ്ട വനമെന്നതോർക്കു.
5. അച്ഛനുമമ്മയും ചിന്തിക്കും തന്നുടെ
മകളെക്കെട്ടിച്ചിട്ടീശ്വര ഭജനമാവാം
മംഗല്യം കഴിഞ്ഞവൾക്കൊരുണ്ണി പിറന്നാലോ
അതിന്റെയും മംഗല്യംകഴിയുവാൻ കാക്കുന്നു.
6. ഇന്നലെ ചെയ്തതും പറഞ്ഞതുമൊന്നുമേ
ഇന്നു ദുഃഖത്തെ വരുത്താനിട നൽകൊലാ
ഇന്നു ചെയ്യുന്നതും നിനപ്പതുമെല്ലാമേ
നാളത്തെ നന്മയ്ക്കു മാത്രമായ് ഭവിക്കണം
7. ഏതാനും നിമിഷങ്ങൾ കീർത്തനം ചൊല്ലീട്ട്
ദൈവം  പ്രസാദിച്ചില്ലെന്നുരചെയ്യുവോൻ
മംഗല്യപ്പിറ്റേന്ന് താൻ മുത്തച്ഛനാവുന്ന
രംഗത്തെ ചിന്തിച്ചിരിക്കുന്നപോലെയാം
8. കെട്ടുകണക്കിന് തെറ്റുകൾ ചെയ്തു
കൊട്ടകണക്കിനുപാപവുമേന്തി
കൈയ്യും കാലും തളർന്നിടുമ്പോൾ
കാക്കണമേയെന്നുരചെയ്തീടും.
9. കൂട്ടം തെറ്റിയ ചെറുപൈതൽ തൻ
മാതാവിനെ തിരയുംപോലെ
വ്യഗ്രതപൂണ്ടു ഭജിച്ചെന്നാലേ
ഈശ്വരലാഭം കിട്ടുകയുള്ളു.
10. ശോകത്തെ ചൊല്ലി വിലപിച്ചു കഴിയുന്ന
ജനങ്ങളനവധി വസിക്കുന്നീഭൂവിൽ
എന്നാലവരിലെത്രപേരിത്തിരി
ഈശ്വരചിന്തനം ചെയ്യാൻ തുനിയുന്നു.?

11. കഷ്ടം നഷ്ടം എന്നുരുവിട്ടിഹ
വേദനപൂക്കും മർത്ത്യരനേകം
ഇത്തിരിയെങ്ങാൻ ഭഗവത് സ്മരണയിൽ
മുഴുകാനാർക്കും നേരവുമില്ലാ.
12. അന്യന്റെ ന്യൂനത നിരീക്ഷിച്ചിരിപ്പവർ
അശാന്തചിത്തരായ് ത്തീരുന്നു നിർണ്ണയം
സന്തുഷ്ട ചിത്തരായ് ത്തീരേണമെങ്കിലോ
ഭക്തിയാൽ ഹൃദയത്തെ ശുദ്ധമാക്കിടേണം
13. ഈശ്വരധ്യാനമാണെന്നുചൊല്ലി
കൺചിമ്മിനേരേ നിവർന്നിരുന്നു.
അകതാരിൽ ലൗകികചിന്തനത്തോ-
ടിരുന്നാൽ കൃപയ്ക്കെങ്ങിനർഹനാകും ?
14. നന്മയുള്ള സ്ഥലത്തെല്ലാം ദൈവമുണ്ടെന്നു നിശ്ചയം
തിന്മകാട്ടും ജനങ്ങൾക്ക് അതറിയാനാവില്ലൊരിക്കലും.
15. അസാദ്ധ്യമെന്നെപ്പോഴുമോതിടുന്നോൻ
മറന്നീടും തനിക്കുസാദ്ധ്യമായതെല്ലാം
കാഴ്ചയ്ക്കുതെല്ലും കുറവില്ലാത്ത ഗാന്ധാരി സ്വയം
അന്ധയായ് ജീവിതം നയിച്ചപോലെ

# പൊതുവിവരങ്ങൾ

1. **യുവ തലമുറ എങ്ങോട്ടാണീ പോകുന്നത്.** മരുന്നിന് വന്ന ഒരു യുവാവിന് മദ്ധ്യപ്രദേശം കുഴപ്പത്തിലാണ്. ഗ്യാസ്ട്രബിൾ എന്ത് കഴിച്ചാലും ഗ്യാസ് ആയി മാറുന്നതിനാൽ ഭക്ഷണം തീരെ കഴിക്കാനാവുന്നില്ല. ഡിഗ്രി ഫൈനൽ ഇയറിന് പഠിക്കുന്നു. കുഞ്ഞേ നീ എന്താണ് രാവിലെ കഴിച്ചത് ഞാൻ ചോദിച്ചു. രാവിലെ ഒരു ചായ കുറച്ച് കഴിഞ്ഞ് ഉപ്പുമാവും കാപ്പിയും കോളേജിൽ പോകാൻ നേരം അമ്മ ഒരു ഗ്ലാസ്സ് പാലും തന്നു. ഇതുകേട്ട് ഞാൻ അമ്പരുന്നു. കൊള്ളാവുന്നത് ഒന്നും ഈ മോൻ ഇന്ന് കഴിച്ചിട്ടില്ല. ആരോഗ്യ സംരക്ഷണത്തിന് ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ എന്ന ലഘുലേഖ കൊടുത്തിട്ട് ഉറക്കെ വായിക്കുക എനിക്ക് കേൾക്കണം എന്ന് പറഞ്ഞു. അത് നന്നായി. അവനത് ശരിയായി വായിക്കാനാവുന്നില്ല. ഒരു വയസ്സുള്ള കുട്ടി നടക്കുന്നതുപോലെയോ ഒന്നാം

ക്ലാസ്സിൽ പഠിക്കുന്ന കുട്ടി വായിക്കുന്നത് പോലെയോ തോന്നുന്നു. കാരണം ചോദിച്ചപ്പോൾ മലയാളം ശരിക്കും വായിക്കുവാൻ അറിഞ്ഞുകൂടെന്നു പറഞ്ഞു. മലയാളക്കരയിൽ തന്നെയാണ് താമസം. കൂടെ പറ്റിയ ഒരു കൂട്ടുകാരനും ഉണ്ട്. അവൻ ഇതൊന്നും അറിഞ്ഞിട്ടില്ല. തല ഫോണിനകത്താണോ ഫോൺ തലക്കകത്താണോ എന്നെനിക്കറിയില്ല വേർപെടുത്താൻ സർജ്ജറി വേണ്ടി വരും. മാതാപിതാക്കൾ അയൽക്കാർ, നാട്, മാതൃഭാഷ, പക്ഷിമൃഗാദികൾ ഇവയെ ഒന്നും തിരിച്ചറിയാതെ ഇഢ്‌ലി തിന്നാനും  കമ്പ്യൂട്ടർ ആപ്ലിക്കേഷനും മാത്രമായി വേഷം കെട്ടി കൂട്ടരുമായി അതിവേഗമോഹ വാഹനങ്ങളിൽ ചീറിപ്പാഞ്ഞ് നടക്കുകയും ചെയ്താൽ ജീവിതമാകുകയില്ല. നാം എവിടെ നിന്നാണ് വരുന്നത്? എങ്ങോട്ടാണ് പോകുന്നത് ? എന്താണ് ജീവിതലക്ഷ്യം ? നമ്മുടെ ചരിത്രവും സംസ്കാരവും, സാഹിത്യവും തിരിച്ചറിഞ്ഞില്ലെങ്കിൽ ജീവിതാനന്ദം ലഭിക്കുകയില്ല. മുറി സായിപ്പിന് ലേഖനത്തിന്റെ സാരാംശം പറഞ്ഞുകൊടുത്തു. രാവിലെ പുട്ടോ ഇടിയപ്പമോ ഊണോ കഴിച്ചിട്ട് കോളേജിൽ പൊക്കോളൂ മൈദയും റവയും പോഷകമൂല്യം ഇല്ലാത്തവയാണ്. ചായക്ക് പകരം ചുക്ക് കാപ്പി കുടിക്കുക ശർക്കരയോ, ചക്കരയോ ഇട്ട് തിളപ്പിച്ച് ഇഞ്ചി തുളസിയില, ഏലക്ക ഇവ ചേർത്ത് കാപ്പി പോലെ കുടിക്കാം. ഉച്ചയ്ക്ക് പഴങ്ങളും രാത്രി വൈകിട്ട് തയ്യാറാക്കിയ നല്ല ഭക്ഷണവും കഴിക്കുക. ഗ്യാസ് ഒക്കെ മാറി ആരോഗ്യവാനായി പഠിക്കാം. ഒരു ദർശനം കൊടുത്തു. സമയം എടുത്താണെങ്കിലും മുഴുവൻ വായിച്ചിട്ട് വരണം എന്ന് പറഞ്ഞു. ഇനി വരുമോ എന്തോ. എങ്കിലും പറയാനുള്ളത് പറയണ്ടേ ?

2. **ദിശ മാറുന്ന പോരാട്ടം**. ഇവിടെ അടുത്ത് തന്നെ ആണ് ഡോ. വേണുഗോപാലിന്റെ താമസം. മെഡിക്കൽ കോളേജിൽ ശ്വാസകോശസംബന്ധമായ രോഗങ്ങൾ കൈകാര്യം ചെയ്യുന്നു. വൈകിട്ട് വീട്ടിൽ ധാരാളം പേർ ചികിത്സക്കായി എത്തുന്നു. ദർശനം കൊടുക്കാറുണ്ടെങ്കിലും ഡോക്ടറുടെ തിരക്കുകൊണ്ട് ഒന്ന് മിണ്ടാൻ തന്നെ നേരം കിട്ടാറില്ല. അടുത്തിടെ സ്വകാര്യ ചികിത്സ സംബന്ധിച്ച് ചില ഡോക്ടർമാർക്കെതിരായി ഒരു വാർത്ത വന്നു. കൂട്ടത്തിൽ ഡോ.വേണുഗോപാലും. എന്നാൽ ഡ്യൂട്ടി സമയത്തിന് ശേഷം മറ്റ് സ്ഥാപനങ്ങളിൽ പ്രവർത്തിക്കാതെ വീടിന

ടുത്ത് സ്വകാര്യ ചികിത്സ ചെയ്യുന്നതിന് തടസ്സം ഇല്ലെന്ന് ആരോഗ്യ മന്ത്രി അഭിപ്രായപ്പെട്ടിട്ടുണ്ട്. ആശുപത്രിയിൽ അഡ്മിറ്റ് ആയവർക്കു വേണ്ടി ഡോക്ടറെ വീട്ടിൽ പോയി കണ്ടു കൂടാ അതല്ലാതെ ഒരു വിഷയത്തിന്റെ ലഭ്യമായ അറിവിന്റെ നെറുകയിൽ നിൽക്കുന്ന വരുടെ കഴിവ് അത് നിരന്തരം ആവശ്യമുള്ള സമൂഹത്തിനായി ഉപയോഗിക്കരുതോ ? ആശുപത്രി സമയം കഴിഞ്ഞാൽ അത് സ്വകാ ര്യവിനോദത്തിൽ ഏർപ്പെട്ട് പാഴാക്കേണ്ടതുണ്ടോ? ആശുപത്രി യിലെ കഷ്ടപ്പാടുകൾ ഒഴിവാക്കാനായി വീട്ടിൽ ചികിത്സക്ക് പോകു ന്നത് നമ്മൾ തന്നെയാണ്. ആ സൗകര്യം വിസ്മരിച്ച് അവരെ കുരി ശിലേറ്റാനും തുനിയുന്നത് നമ്മൾ തന്നെ. ആരെയെങ്കിലും കുറ്റ പ്പെടുത്താതെ  മനുഷ്യർക്ക് ഇരിക്കപ്പൊറുതി ഇല്ലാതായ മട്ടുണ്ട്. ജനഹൃദയങ്ങളെ എളുപ്പത്തിൽ ആകർഷിക്കുന്ന സമ്പ്രദായമായി ട്ടുണ്ട് ആരോപണങ്ങൾ. ശ്രദ്ധ നേർക്ക് നേരേ ആകട്ടെ. അധർമ്മം ചെയ്യുന്നവരെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരുവാൻ ശ്രമി ക്കുക. ഈ ഭൂമിയിൽ വന്നുപെട്ട സ്ഥിതിക്ക് കഴിയുന്ന സേവനം ചെയ്തുജീവിക്കുക. ആന്തരികവും ബാഹ്യവുമായ മലിനീകരണം ആണ് മുഖ്യരോഗഹേതു. കൂടാതെ ഇനി ഇപ്പോൾ നാട് മുഴുവൻ പരദൂഷണമാകുന്ന മലിനീകരണം കൊണ്ട് നിറയാൻ പോകുന്നു. തിരഞ്ഞെടുപ്പ് - എല്ലാവർക്കും ഒന്നേ പറയാനുള്ളു. തന്റെ കൂട്ട ത്തിൽ പെടാത്തവന്റെ പേരിലുള്ള ആരോപണങ്ങൾ. ആരാണ് കൂട്ട ത്തിൽപ്പെടാത്തവർ? ഇതിന് എന്നെങ്കിലും നാം മറുപടി പറയേണ്ടി വരും. ദർശനം നേരത്തെ പറയുന്നു ആരും അന്യരല്ല. ബന്ധുക്ക ളാണ്. മനസ്സിന്റെ ശുദ്ധീകരണമാണ് ലോകം നന്നാക്കുവാനുള്ള എളുപ്പ മാർഗ്ഗം

## 3. കടപ്പുറം മാനുഷിക ധ്യാനം

പങ്കെടുക്കുന്നവരുടെ സൗകര്യാർത്ഥം പുതുവർഷത്തിലെ ധ്യാനം ഡിസംബറിലെ അവസാന ഞായറാഴ്ച ആക്കിയിരിക്കു ന്നു. 31-ാം തീയതി അന്തരീക്ഷം മദ്യലഹരിയിലായിക്കും. കടപ്പുറം പോലും ശാന്തമല്ല. 30-ാം തീയതി വൈകിട്ട് 5 മണിക്ക് നീർക്കുന്നം ധന്യയിൽ കൂടിയ ദർശനം മിത്രങ്ങൾ പദയാത്രയായി കടപ്പുറ ത്തേയ്ക്ക് പോയി. തെളിഞ്ഞ അന്തരീക്ഷം. അസ്തമയ സൂര്യൻ സ്വർണ്ണത്തളിക പോലെ തിളങ്ങുന്നു. പക്ഷികൾ പാറി രസിക്കുന്നു.

കുട്ടികൾ പന്തു കളിക്കുന്നു. നമുക്കും ഇവിടെ സന്തോഷമായിരിക്കാം. മനസ്സിന് എന്തെങ്കിലും വിഷമം തോന്നുന്നുവെങ്കിൽ അത് നമ്മുടെ ഞാനെന്ന ഭാവം കൊണ്ടാണ്. അതീ കടപ്പുറത്ത് ഉപേക്ഷിച്ചാൽ ജീവിതം ആനന്ദപ്രദമാകും. എല്ലാവരും വട്ടം കൂടിയിരുന്നു പരിചയപ്പെട്ട് ദർശനം വായിച്ച് ചർച്ച നടത്തി. ഹംസാ സാറാണ് ചർച്ചയ്ക്ക് തുടക്കം കുറിച്ചത്. മൈത്രീ ഭാവനയൊക്കെ എത്ര പഠിച്ചാലും പ്രതികൂല ജീവിത സാഹചര്യങ്ങളിൽ മനസ്സിന്റെ താളം തെറ്റുന്നു. എന്താ ചെയ്ക എന്നതായിരുന്നു ചർച്ചാ വിഷയം. എല്ലാവരും ചർച്ചയിൽ പങ്കെടുത്തു. എളുപ്പ വഴിയൊന്നുമില്ല. മനസ്സ് കോലാഹലം തുടരട്ടെ എന്നു തന്നെ കരുതാം. എന്നിട്ട് അവനെ ിനിരീക്ഷിക്കുക, ഇങ്ങനെ പോയാലുള്ള ഭവിഷ്യത്തിനെ കുറിച്ച് ആലോചിക്കണം. മനസ്സിന്റെ അധീനതയിൽ നമ്മൾ ജീവിക്കണോ അതോ നമ്മുടെ അധീനതയിൽ മനസ്സ് പ്രവർത്തിക്കണോ? മനസ്സ് നമ്മുടെ നിയന്ത്രണത്തിലായില്ലെങ്കിൽ ജീവിതം ദുഃഖപൂരിതമായിരിക്കും. അവൻ നമ്മുടെ ശത്രുവാണ്. അത്ഭുതകരങ്ങളായ കഴിവുകളുള്ള മനസ്സിനെ അനുനയിപ്പിച്ച് മിത്രമാക്കാം. ഇതാ സൂര്യൻ അസ്തമിക്കുന്നു. നമ്മുടെ ജീവിതം സൂര്യതേജസ്സോടെ പ്രകാശിക്കട്ടെ. ഇരുട്ടു കീറുന്ന പ്രകാശ രശ്മികൾക്ക് ഇരുട്ട് തടസ്സമായിക്കൂട. അതുപോലെ സമൂഹത്തിലെ തിന്മ കണ്ട് നിരാശപ്പെടാതെ ശുഭാപ്തി വിശ്വാസത്തോടെ കർമ്മനിരതരാകൂ...

ലോക സമാധാനത്തിനായി എല്ലാവരും ചേർന്ന് ധ്യാനം നടത്തി. നാം നമ്മുടെ പ്രകൃതിയിൽ നിന്നും സംസ്കൃതിയിലേയ്ക്ക് ഉയരുക. ആരോട് ഇടപെടുമ്പോഴും ഈ വ്യക്തി എന്റേതുകൂടിയാണ് ഞങ്ങൾ മിത്രങ്ങളാണ് എന്നൊരു ഭാവം ഉള്ളിൽ തെളിഞ്ഞു നിൽക്കണം. അപ്പോൾ അനാവശ്യ ചിന്തകൾ കൊഴിഞ്ഞു പോകും. മനസ്സ് ശാന്തമാകും. തുടർന്ന് ഉണ്ണിയപ്പവും ഈന്തപ്പഴവും കഴിച്ച് ഞങ്ങൾ നാൽപ്പതോളം പേർ നീർക്കുന്നത്തേയ്ക്ക് തിരിച്ചു പോന്നു. ഇവിടെ നല്ല എട്ടങ്ങാടി കൊണ്ടുള്ള പുഴുക്കും ഉണക്കലരി കൊണ്ടുള്ള കഞ്ഞിയും ഉപ്പിലിട്ടതും തയ്യാർ. എല്ലാവരും പരസ്പരം വിളമ്പിക്കൊടുത്ത് ഭക്ഷണം കഴിച്ചു. പ്രതീക്ഷിച്ചത്ര അംഗങ്ങൾ ഇല്ലാതിരുന്നതിനാൽ കൂടുതലുണ്ടായിരുന്ന പുഴുക്ക് പാത്രങ്ങളിലാക്കി മിത്രങ്ങൾ വീടുകളിലേയ്ക്ക് തിരിച്ചു. അങ്ങനെ ഈ വർഷത്തെ കടപ്പുറം ധ്യാനം സമാപ്തം.

## 4. രണ്ട് ഭവന സന്ദർശനങ്ങൾ

ഒന്ന് അടുത്തുള്ള ബന്ധു ഗൃഹം. രോഗികളെ കാണാൻ പോയതാണ്. കിഡ്നി തന്നെ പ്രധാന വില്ലൻ. അവൻ ചെറുപ്പക്കാരെയും പിടികൂടി തുടങ്ങിയിരിക്കുന്നു. കുടുംബാംഗങ്ങളെല്ലാം വിദ്യാ സമ്പന്നരും ഉദ്യോഗസ്ഥരും ആണെങ്കിലും ഔഷധങ്ങളുമായി രോഗങ്ങളോട് പോരാടി ജീവിക്കുന്നു. വിജയം രോഗങ്ങൾക്കു തന്നെ. ബദൽ ജീവിതശൈലിയെകുറിച്ച് പറഞ്ഞെങ്കിലും ഭക്ഷണ പ്രിയത തടസ്സമായിനിന്നു.

രണ്ട് തിരുവനന്തപുരത്ത് വഴയിലയിൽ മകളുടെ വീട്ടിലേയ്ക്ക് രാവിലെ പോകുന്ന വഴി ഡോ. എൻ.എൻ. പണിക്കർ സാറിനെ ഒന്ന് വിളിച്ചു. വിവരങ്ങൾ പറഞ്ഞ് ചേട്ടൻ ഫോൺ സരളചേച്ചിക്ക് കൈമാറി. മകളുടെ വീട്ടിൽ പോയിട്ട് ഉച്ചയ്ക്ക് തിരിച്ചു പോരുമെന്ന് പറഞ്ഞപ്പോൾ രാവിലെ മകളുടെ വീട്ടിൽ നിന്ന് കാപ്പി കുടിച്ചിട്ട് ഊണ് ഇവിടെ വന്ന് മതിയെന്ന് ചേച്ചി പറഞ്ഞു. തടസ്സം പറയാൻ ശ്രമിച്ച എന്നോട് മിണ്ടിപ്പോകരുത് എന്ന് പറഞ്ഞതിനാൽ ഉത്തരവെന്ന് ഞാനും. ഉച്ചയ്ക്ക് "തത്സത്" എന്ന സാറിന്റെ വീട്ടിലെത്തി. തത്സത് എന്നാൽ എല്ലാം ഭഗവാന് അർപ്പിച്ചിരിക്കുന്നു എന്നർത്ഥം. മൂന്നു നില വീട്. ചേച്ചി അടുക്കളയിൽ പച്ചക്കറികൾ കൊണ്ട് പച്ചയായും വേവിച്ചും വിഭവങ്ങൾ ഉണ്ടാക്കുന്നു.അച്ഛനെകുറിച്ചും ദർശനത്തെകുറിച്ചും സംസാരിച്ചിരുന്നു. ക്രിയാത്മകമായിരുന്ന ദർശനം ഇന്ന് നിഷ്ക്രിയാവസ്ഥയിലാണ്. ഊണ് സമയമായപ്പോൾ ചേട്ടൻ ചോറെടുക്കാൻ അടുക്കളയിലോട്ട് പോകുന്നതിനു പകരം ടെറസിലേയ്ക്കാണ് പോയത്. അവിടെ ഗ്ലാസ്സ് മൂടി കൊണ്ട് നിർമ്മിച്ച ഒരു സ്യൂട്ട്കെയ്സ് അതിൽ നല്ല ചൂടോടെ ഉണക്കലരി ചോറും. ചുടു കൊണ്ട് തുണി കൂട്ടിപ്പിടിച്ചാണ് ചോറെടുത്തത്. അരിയിൽ വേണ്ടത്ര വെള്ളം ഒഴിച്ച് സ്യൂട്ട്കെയ്സ് പോലുള്ള ഈ അടുപ്പിൽ വെച്ച് വെയിലത്ത് വെയ്ക്കുന്നു. സൂര്യനാണ് പാചകക്കാരൻ രണ്ടു മണിക്കൂറിനുള്ളിൽ ചോറ് റെഡി.

നല്ല സ്വാദുള്ള ചോറും പച്ചക്കറികളും മോരും ചേർത്ത് സുഖായി ഊണ് കഴിച്ചു കൊണ്ടിരുന്നപ്പോൾ സഞ്ചാരപ്രിയനായ ചേട്ടൻ പറഞ്ഞു അടുത്താഴ്ച ഇൻഡോനേഷ്യ ഒന്ന് സന്ദർശിക്കാൻ പോവുകയാണ്. വാർദ്ധ്യകത്തിലും യാത്ര യുവാക്കളെ

പോലെ തന്നെ. മക്കൾ ഡോക്ടർമാരാണെങ്കിലും പ്രകൃതി ജീവനം അനുഷ്ടിച്ച് ഔഷധ വിമുക്തമായാണ് ചേട്ടന്റെയും ചേച്ചിയുടെയും ജീവിതം. ആരോഗ്യ രക്ഷയ്ക്ക് ഒരു ഇടപെടൽ വേണ്ടി വരുമ്പോൾ തിരൂർ ഗാന്ധിയൻ പ്രകൃതി ചികിത്സാ കേന്ദ്രത്തിലെത്തുന്നു. മകൻ ഡോ. ജലേഷ് അമേരിക്കയിൽ ന്യൂറോളജിസ്റ്റായും മകൾ ഡോ. അനുജ മെഡിക്കൽ കോളേജ് പ്രൊഫസറായും ജോലി നോക്കുന്നു. എല്ലാവരും ദർശനം ഇഷ്ടപ്പെടുന്നു. ആദ്യം സന്ദർശിച്ച വീട്ടിൽ മുഖ്യ ഭക്ഷണം മത്സ്യം, മാംസം മുട്ട എന്നിവ തന്നെ. അതിനാൽ രോഗങ്ങളോട് ഏറേ മല്ലിടേണ്ടി വരുന്നു. ഭവിഷ്യത് ചിന്തയോടെ വേണം ജീവിക്കുവാൻ. എന്ത് കഴിക്കുമ്പോഴും ചെയ്യുമ്പോഴും അന്തരഫലത്തെക്കുറിച്ച് ഒരു ഓർമ്മ വേണം. അത് നമ്മെ നേർവഴി നയിക്കും. വാർദ്ധക്യത്തിലും സമൂഹ സേവനം ചെയ്തു കൊണ്ട് മാതൃകാ ജീവിതം നയിക്കുന്ന അച്ഛന്റെ ഈ കുടുംബ സുഹൃത്തുക്കൾക്ക് ആയുരാരോഗ്യ സൗഖ്യം നേർന്നു കൊണ്ട് ദർശനം.

**5. സന്തോഷത്തിന് വകയുണ്ടോ ?**

ഡോക്ടറേ ദർശനത്തിൽ സന്തോഷത്തിന് വക വല്ലതും ഉണ്ടോ ഷാജി ചോദിച്ചു. എല്ലാവരും സന്തോഷമായിരിക്കുക അതിനായി പരസ്പരാനന്ദജീവിതം നയിക്കുക എന്നതാണ് ദർശനത്തിന്റെ മാർഗ്ഗവും ലക്ഷ്യവും. എങ്കിലും ഷാജിയുടെ ചോദ്യത്തിൽ ഒരു വനയാത്രാമോഹം ഒളിഞ്ഞിരിക്കുന്നത് കണ്ടു. ഒരു യാത്ര സംഘടിപ്പിക്കുവാനുള്ള ധൈര്യക്കുറവാണ് തടസ്സമായി നിൽക്കുന്നത്. എങ്കിലും സാഹചര്യം അനുകൂലമായാൽ മെയ് മാസത്തിലെ ഒരു രാവ് വനത്തിലാവാം.

**ദർശനം ഇ-മെയിലിൽ ആവശ്യമുള്ളവർ തങ്ങളുടെ മെയിൽ ഐഡി അഷറഫിന് നൽകുക. 9249249624, 9496646244**

# സുദാസിന്റെ കഥ

**നൈനാൻ വർഗ്ഗീസ് ചെന്നിത്തല**

ഭഗവാൻ ശ്രീബുദ്ധൻ ജീവിച്ചിരുന്ന കാലം അദ്ദേഹം നഗരങ്ങളിലും, ഗ്രാമങ്ങളിലും അഹിംസയുടെയും സ്നേഹത്തിന്റെയും സന്ദേശവുമായി യാത്ര ചെയ്തുകൊണ്ടിരുന്നു.

ഒരു നഗരത്തിൽ സൂദാസ് എന്ന ഒരു പാവം ചെരുപ്പുകുത്തി ജീവിച്ചിരുന്നു. ദൈനംദിന ആവശ്യങ്ങൾക്കുവേണ്ടി നന്നേ വിഷമിച്ചിരുന്ന അയാൾ ഉറക്കമുണർന്നു നോക്കിയപ്പോൾ തന്റെ കുളത്തിൽ മനോഹരമായ ഒരു താമര വിടർന്ന് നിൽക്കുന്നത് കണ്ടു.

അകാലത്തിൽ ഉണ്ടായ മനോഹരമായ താമരപ്പൂവ് കണ്ട് അയാൾ സന്തോഷിച്ചു. അയാൾ അത് പറിച്ചെടുത്തു.

ചന്തയിൽ കൊണ്ടു വിറ്റാൽ ഒരു രൂപ എങ്കിലും കിട്ടാതിരിക്കില്ല. ഇന്നത്തേക്ക് അരി വാങ്ങാനായി അയാൾ ചിന്തിച്ചു.

സൂദാസ് താമരപ്പൂവുമായി ചന്തയിലേക്ക് നടക്കുമ്പോൾ ആ നഗരത്തിലെ ഏറ്റവും വലിയ ധനാഢ്യൻ ആ വഴി വന്നു. നാട്ടിലെങ്ങും താമരപ്പൂവ് കിട്ടാനില്ലാത്ത കാലം മനോഹരമായ താമരപ്പൂവ് കണ്ട് ധനാഢ്യൻ അതിൽ ആകൃഷ്ടനായി സൂദാസിനോട് ആ താമരപ്പൂവ് എത്ര രൂപയ്ക്ക് വിൽക്കുമെന്ന് ചോദിച്ചു.

സൂദാസിന് എത്ര രൂപ വേണമെന്ന് ചോദിക്കാൻ കഴിഞ്ഞില്ല. പകരം ഇപ്പോൾ താമരപ്പൂവിന്റെ സമയമല്ലല്ലോ. നാട്ടിലെങ്ങും താമരപ്പൂവ് കിട്ടാനുമില്ല. അങ്ങയ്ക്ക് ഇഷ്ടമുള്ള വില തന്നോളു എന്നു പറഞ്ഞു. ധനാഢ്യൻ അപ്പോൾ ആപൂവിന് നൂറ് രൂപ കൊടുക്കാമെന്നു പറഞ്ഞു. ആ വഴി അപ്പോൾ വന്ന സേനാനായകൻ താമരപ്പൂവ് കാണുകയും അവരുടെ സംഭാഷണം ശ്രദ്ധിക്കുകയും ചെയ്തു. അദ്ദേഹം കുതിരപ്പുറത്തുനിന്നും ഇറങ്ങി ഈ താമരപ്പൂവ് ആയിരം രൂപയ്ക്ക് വാങ്ങാൻ ഞാൻ തയ്യാറാണെന്ന് അറിയിച്ചു. സൂദാസ് അത്ഭുതപ്പെട്ടു. ഒരു താമരപ്പൂവിന് ആയിരം രൂപയോ? എന്തു മറിമായം.

പ്രഭാതസവാരിക്കിറങ്ങിയ രാജാവും അപ്പോൾ ആ വഴി വന്നു. താമരപ്പൂവും അത് വാങ്ങാൻ നിൽക്കുന്നവരേയും അദ്ദേഹം കണ്ടു. സൂദാസിന്റെ അടുത്ത് ചെന്ന് രാജാവ് പറഞ്ഞു സൂദാസ് ഭഗവാൻ ശ്രീബുദ്ധൻ ഇന്ന് ഈ വഴി വരുന്നുണ്ട്. അദ്ദേഹത്തിന് കാഴ്ച വെയ്ക്കാൻ ഈ പൂവ് നീ എനിക്ക് തരുമോ? പ്രതിഫലമായി പതിനായിരം രൂപ തരാം.

സൂദാസിന് ഭഗവാന്റെ അന്നത്തെ നഗര സന്ദർശനം ഒരു പുതിയ അറിവായിരുന്നു. സൂദാസ് വളരെ അധികം സന്തോഷി

ച്ചു. സൂദാസ് പറഞ്ഞു തിരുമനസ്സ് ക്ഷമിക്കണം ഭഗവാൻ ശ്രീബുദ്ധൻ ഈ നഗരത്തിൽ ഇന്ന് വരുന്നത്കൊണ്ട് ഈ പൂവ് ഞാൻ ആർക്കും വിൽക്കുന്നില്ല. രാജാവ് കെഞ്ചി ഈ പൂവ് നീയെനിക്ക് തന്നാൽ നിന്റെ ദാരിദ്ര്യമെല്ലാം ഞാൻ മാറ്റാം. നിനക്ക് ആവശ്യമുളളിടത്തോളം ധനം ഞാൻ നൽകാം. ഈ പൂവ് നീയെനിക്ക് തരൂ.

സൂദാസ് ദൃഢസ്വരത്തിൽ പറഞ്ഞു. "ഇല്ല ഈ പൂവ് ഞാൻ വിൽക്കില്ല" ഭഗവാൻ ശ്രീബുദ്ധൻ നഗരത്തിലെത്തിയപ്പോൾ ധനാഢ്യനും, സേനാനായകനും, രാജാവും മറ്റ് നഗരവാസികളോടൊപ്പം സ്വീകരിക്കാൻ ഉണ്ടായിരുന്നു. സൂദാസ് തന്റെ കൈയ്യിലെ പൂവ് ഭഗവാന് സമർപ്പിച്ചു. സൂദാസ് ഒരു വിലയ്ക്കും പൂവ് തങ്ങൾക്ക് വിൽക്കാൻ തയ്യാറായില്ലെന്നും അത് സ്വയം ഭഗവാന് സമർപ്പിക്കണമെന്ന് നിർബന്ധം കാണിച്ചു എന്നും രാജാവും മറ്റുള്ളവരും ഭഗവാനെ ധരിപ്പിച്ചു.

ഭഗവാൻ ശ്രീബുദ്ധൻ സൂദാസിനോട് ചോദിച്ചു. സൂദാസ് എന്തുകൊണ്ട് നിങ്ങൾ ഈ പൂവ് വിറ്റില്ല. നിങ്ങളുടെയും വരും തലമുറകളുടെയും ദാരിദ്ര്യം ഈ പൂവ് കൊണ്ട് പരിഹരിക്കാമായിരുന്നില്ലേ.

സൂദാസ് പറഞ്ഞു; പ്രഭോ പണത്തിനൊരിക്കലും സ്നേഹത്തേക്കാൾ വലുതാകാൻ കഴിയില്ലല്ലോ. ഒരു പൂവായിരുന്നപ്പോൾ എനിക്കിത് വിൽക്കാൻ മനസ്സായിരുന്നു. അവിടുത്തെ തൃപ്പാദങ്ങളിൽ ഇത് സമർപ്പിക്കാമെന്ന് ചിന്തിച്ച നിമിഷം മുതൽ ഇത് വിൽക്കുക എന്നൊരു ചിന്തയേ എന്നിലില്ലാതായി. ഇപ്പോൾ അവിടുത്തെ തൃപ്പാദങ്ങളിൽ ഈ പൂവ് സമർപ്പിച്ചപ്പോൾ ഞാൻ ധന്യനായി. പാവങ്ങൾക്കും സ്നേഹമുണ്ട്. മറ്റുള്ളവരെ ബഹുമാനിക്കാൻ കഴിയും. നഗരത്തിലെ ഈ പ്രധാനപ്പെട്ട വ്യക്തികളേക്കാൾ ഈ പാവപ്പെട്ടവനായ ഞാൻ, അപ്രധാനനായ ഞാൻ അങ്ങയോടുള്ള ബഹുമാനത്തിന്റെയും സ്നേഹത്തിന്റെയും കാര്യത്തിലും ഒട്ടും കുറവുള്ളവനല്ല. സദയം ഈ പൂവ് സ്വീകരിച്ചാലും.

ശ്രീബുദ്ധൻ അവിടെ കൂടിയിരുന്നവരോട് പറഞ്ഞു " സൂദാസ് അക്ഷരജ്ഞാനിയല്ലെങ്കിലും യഥാർത്ഥത്തിൽ പഠിച്ചവനാണ്. അയാൾക്ക് എഴുതാനും വായിക്കാനും അറിയില്ല. എന്നിരുന്നാലും യഥാർത്ഥത്തിൽ അറിവുള്ളവനാണ് ".

അനുയായികളിലൊരാൾ ശ്രീബുദ്ധനോട് ചോദിച്ചു യഥാർത്ഥ ത്തിൽ അറിവുള്ളവനാണ് എന്ന് പറഞ്ഞതുകൊണ്ട് അങ്ങ് എന്താണ് ഉദ്ദേശിച്ചത്? ബുദ്ധൻ പറഞ്ഞു ജീവിതത്തിലെ ഉന്നതമൂല്യങ്ങളെ കുറിച്ച് ബോധമുള്ളവരാരാണോ ഉന്നത മൂല്യങ്ങൾക്കായി അധമ മൂല്യങ്ങളെ ത്യജിക്കാൻ കഴിയുന്നതാർക്കാണോ, അയാളാണ് യഥാർത്ഥത്തിൽ അറിവുള്ളവൻ. വിദ്യയുടെ അഭ്യാസമല്ല വേണ്ടത് അറിവാണ്. സൂദാസ് സ്നേഹത്തിന് വേണ്ടി പണത്തെ നിഷേധിച്ചി രിക്കുന്നു. അയാളാണ് യഥാർത്ഥത്തിൽ അറിവുള്ളവൻ.

# ആചാരവും സംസ്കാരവും

മനുഷ്യ സങ്കൽപ്പങ്ങൾക്കതീതമായി തന്നെ ശാസ്ത്രം പുരോ ഗതി കൈവരിച്ചിട്ടുണ്ട്. ബഹിരാകാശ യാത്രയിലും വിവരസാങ്കേ തികവിദ്യയിലും വിദ്യാഭ്യാസത്തിലും ചികിത്സാരംഗത്തും യുദ്ധ രംഗത്തും ഉൽപ്പാദനത്തിലും ഉല്ലാസത്തിലും ശാസ്ത്രം അതിന്റെ കൊടി പാറിക്കുകയാണ്. നല്ലതുതന്നെ. എന്നാൽ ഭൗതിക ശാസ്ത്രത്തിന് ഭൗതികപ്രശ്നങ്ങളെ മുഴുവൻ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? എല്ലാ ഭൗതിക പുരോഗതികൾക്കുമിടയിൽ നാട്ടിൽ നിന്നും അപ്രത്യക്ഷമാകുന്ന മനുഷ്യത്വം പുനസ്ഥാപിക്കു വാൻ ശാസ്ത്രത്തിനാവുമോ. നാട്ടിലെ നാൽപ്പത്തിനാല് നദിക ളിൽ ഏതെങ്കിലും ഒരു നദിയിൽനിന്നും വെള്ളം കോരി കുട്ടികൾക്ക് കൊടുക്കാമോ. നാടും നഗരവും അന്തരീക്ഷമാകെത്തന്നെയും മലി നമാകുന്നു. ആരോഗ്യരംഗം പുതിയപുതിയ രോഗങ്ങളാൽ സമൃ ദ്ധം. സാമൂഹ്യരംഗം പ്രശ്നങ്ങളാൽ കലുഷിതം. പണിയെടുത്ത് ഭക്ഷണം കഴിച്ച് സന്തോഷമായി എത്രപേർക്ക് ഇവിടെ കഴിയാനാ വുന്നു. യേശുദേവന്റെ ഒരു വാക്യം ഓർക്കുക. അപ്പം കൊണ്ടു മാത്രം മനുഷ്യന് പൂർണ്ണതയുണ്ടാവില്ല. പക്ഷിയുടെ ഇരുചിറകുകൾ പോലെഭൗതികതയോടൊപ്പം അവന് ഒരു ആത്മീയവശം കൂടിയു ണ്ട്.

വേദവ്യാസൻ പറയുന്നത് കേൾക്കൂ, ധർമ്മത്തിൽ നിന്നാണ് സർവ്വ ഐശ്വര്യങ്ങളും ഉണ്ടാകുന്നത്. ആ ധർമ്മത്തെ മനുഷ്യൻ വെടി ഞ്ഞാലോ?. നാട് മുടിഞ്ഞത് തന്നെ. അത് സംഭവിക്കാതിരിക്കു വാൻ വാൽമീകിയും വ്യാസനുമൊക്കെ ചരിത്രവും സാഹിത്യവും

ആത്മീയതയും കൂട്ടിവിളക്കി ഇതിഹാസങ്ങൾ രചിച്ചു. കർമ്മങ്ങളെല്ലാം ധ്യാനാത്മകമാക്കി. ഭാരതം മുഴുവൻ സഞ്ചരിച്ച് കഥാപാത്രങ്ങൾക്ക് ചരിത്രവഴികളിൽതന്നെ ജന്മം കൊടുത്തു. ധർമ്മാധർമ്മങ്ങളുടെ പോരാട്ടകഥകളിലൂടെ ധർമ്മത്തിന് അനശ്വരമായ കീർത്തി നേടിക്കൊടുത്തു.ഭഗവദ്ഗീത പോലുള്ള അവരുടെ കൃതികൾക്ക് മനുഷ്യമനസ്സിൽ പ്രവേശിച്ച് ഗുണപരമായ പരിവർത്തനങ്ങൾ വരുത്തുവാൻ കഴിവുള്ളതാണ്. ഹരിശ്ചന്ദ്രചരിതം വ്യാസന്റെ ഒരു കഥയാണ്. എങ്കിലും അത് വായിച്ചുവായിച്ച് ഗാന്ധിയുടെ സത്യനിഷ്ഠ വാനോളം ഉയർന്നു. കൂടെ ഭാരതത്തിന്റെ മഹിമയും.

ഇനി ഒരു ആംഗലേയ സാഹിത്യകാരൻ പറയുന്നത് കേൾക്കാം. ഞങ്ങളുടെ നാട്ടിലും ഭാരതത്തിലെപ്പോലെ കാടും കാട്ടരുവിയും പർവ്വതങ്ങളും ധാരാളമായി ഉണ്ട്. എന്നാൽ അവയൊട്ടും ഭാരതത്തിലെപ്പോലെ ജനങ്ങളെ അങ്ങോട്ട് ആകർഷിക്കുന്നില്ല. ഇവിടെ ആൽപ്സ് പർവ്വതം വെറും മഞ്ഞുമൂടിയ ഒരു മലയാണ്. ഭാരതത്തിൽ അങ്ങനെയല്ല.ഹിമാലയം ഭാരതീയരുടെ സങ്കൽപ്പപ്രകാരം ദേവസന്നിധിയാണ്. ഉമാമഹേശ്വരൻമാരുടെ വാസസ്ഥാനമായ കൈലാസമാണ്. അവിടെനിന്നൊഴുകുന്ന നദികൾ വെറും ഹൈഡ്രജനും ഓക്സിജനും ചേർന്ന് മാത്രം ഉണ്ടായതല്ല. സ്വർഗ്ഗലോകത്തിൽ നിന്ന് ഉത്ഭവിച്ച് ശിവന്റെ ജഢയിൽതങ്ങി ഒഴുകിയ പാപനാശിനിയാണ്. മലകൾ പാണ്ഡവൻപാറയും വനങ്ങൾ രാമന്റെ പാദസ്പർശമേറ്റ പൂങ്കാവനങ്ങളുമാണ്. വൃന്ദാവനം കണ്ണന്റെ ബാലലീലകളാൽ പവിത്രമാണ്. വാൽമീകിയുടേയും വ്യാസന്റേയും കഥാപാത്രങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നതിനാൽ ഭാരതം വെറും മണ്ണും വെള്ളവുമല്ല. പുണ്യഭൂമിയാണ്. 'ഈശാവാസ്യമിദം സർവ്വം', 'ലോകാ സമസ്താ സുഖിനോ ഭവന്തു' എന്നീ മന്ത്രങ്ങളെല്ലാം ഭാരതത്തിൽ നിന്നും ഉത്ഭവിച്ചതാണ്. ഇത് അത്ഭുതകരമായ ഒരു സങ്കൽപ്പമാണ്. ഈ സങ്കൽപ്പത്തോടെയൊന്നുമല്ലെങ്കിലും ഗംഗയിൽ കുളിച്ചുവരുന്നയാളിന്റെ ദേഹശുദ്ധി ഉറപ്പാണ്. എന്നാൽ മനശുദ്ധിക്ക് അത് പോര. ഗംഗയെ ഭാവന കൊണ്ട് പവിത്രമാക്കി. അതിൽ മുങ്ങിക്കയറുന്നവർക്ക് ദേഹശുദ്ധിയും മനശുദ്ധിയും ലഭിക്കുന്നു. അതാണ് ഭാരത സംസ്കാരം. ഇത് ലോകം മുഴുവൻ ഇന്ന് ആദരോവോടെ വീക്ഷിക്കുന്നു.

വിദേശയാത്രയ്ക്ക് മുമ്പ് പുത്‌ലീഭായിയുടെ ഇച്ഛാനുസരണം കയ്യിൽ തൊട്ടുകൊണ്ട് ഗാന്ധി ഒരു പ്രതിജ്ഞ ചെയ്തു. ഞാൻ മദ്യമോ മാംസമോ കഴിക്കുകയില്ല. പരസ്ത്രീയെ പ്രാപിക്കുകയില്ല. കാലം കടന്നുപോയി. പുത്‌ലീഭായി മരിച്ചും പോയി. ഗാന്ധിക്ക് ഇതെല്ലാം സുലഭമായ ജീവിതസാഹചര്യങ്ങളിലൂടെ കടന്നുപോയപ്പോഴും അമ്മയ്ക്ക് കൊടുത്ത വാക്ക് അഭംഗുരം കാത്തുസൂക്ഷിക്കുവാൻ കഴിഞ്ഞു. ആ സൂക്ഷിപ്പിൽ നിന്നും ലഭിച്ച കരുത്തുകൊണ്ടാണ് ഭീരുവായിരുന്ന ഗാന്ധി നിർഭയനായ മഹാത്മാഗാന്ധിയായി പരിണമിച്ചത്. ആ മാർഗ്ഗദർശനത്തിൽ ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചു. ആ സന്ദേശം ലോകത്തിനും ഒരു പുതിയ വെളിച്ചമായി. തപസ്സ് കൊണ്ട് മനസ്സിലെ അനാവശ്യമോഹങ്ങളും അവമൂലമുണ്ടാകുന്ന ദ്വേഷവും നശിക്കുന്നു. ആത്മാവിന്റെ അനന്ത ശക്തി തപസ്സനുഷ്ടിക്കുന്നവരിലൂടെ പ്രകടമാകുന്നു. മഹാത്മാക്കളിൽ നാം ഇതാണ് കാണുന്നത്.

വനവാസത്തിനു പോയ ലക്ഷ്മണനോട് സുമിത്ര പറയുന്നു. രാമനെ ദശരഥനായി കാണുക. കാട് അയോദ്ധ്യയാണെന്നും കരുതുക. സീതാദേവിയെ ഞാനാണെന്നും കരുതി സുഖമായി വനവാസത്തിനു പോവുക. യാത്രയ്ക്ക് ഇതിൽകൂടുതൽ എന്താണ് നൽകാനുള്ളത്. അതാണ് ഭാരതസംസ്കാരം. ധർമ്മത്തെ രക്ഷിച്ചാൽ ധർമ്മം നമ്മെയും രക്ഷിക്കും. ഈ പ്രകൃതിയെ സംരക്ഷിച്ചാൽ ഇവിടെയുള്ള ജീവജാലങ്ങളെ സ്നേഹിച്ചാൽ അവ നമ്മെയും സ്നേഹിച്ച് സംരക്ഷിക്കും. ഇതെല്ലാം മഹാത്മാക്കളുടെ വാക്കും പ്രവൃത്തിയും കണ്ടും അവരുടെ ഗ്രന്ഥങ്ങളിലൂടെയും നമുക്ക് തിരിച്ചറിയാം. ധർമ്മ വ്യവസ്ഥ ആകർഷണസിദ്ധാന്തം പോലെ അപ്രതിഹതമാണ്. മുകളിൽ നിന്ന് താഴോട്ട് ചാടിയാൽ രാജാവാണെങ്കിലും ഭൃത്യനാണെങ്കിലും നടുവൊടിയും.

ഓരോ രാജ്യത്തിലെയും പൂർവ്വികർപരമ്പരയാ നൽകിയിട്ടുള്ള ആചാരാനുഷ്ഠാനങ്ങൾ അതത് രാജ്യത്തിന്റെ സംസ്കാരമാണ്. അത് ആ നാട്ടിലെ ജനങ്ങൾ കാത്ത് സൂക്ഷിക്കേണ്ടതാണ്. ജറുസലേമും കാശിയും മെക്കയും എല്ലാം പുണ്യസങ്കേതങ്ങളാണ്. ആ പൈതൃകത്തിൽ വേണം ഓരോ രാജ്യവും പടുത്തുയർത്തിക്കൊണ്ടുവരാൻ. നവോത്ഥാനത്തിന്റെ അടിത്തറ അതാത് രാജ്യത്തിന്റെ

സംസ്കൃതിയിൽ ഊന്നി ആയിരിക്കണം. ആചാരാനുഷ്ഠാനങ്ങൾ ദേശകാലാനുസൃതമായിരിക്കണം. നമ്മുടെ യുക്തിക്ക് കിട്ടിയില്ലെങ്കിലും ആർക്കും ദ്രോഹമുണ്ടാക്കുന്നതാവരുത്. യുക്തി നമുക്കു മാത്രമുള്ളതല്ലല്ലോ. ഒരു തർക്കത്തെപ്പറ്റി ശ്രീരാമകൃഷ്ണൻ ചോദിക്കുന്നു. ഈശ്വരൻ മനുഷ്യനായി അവതരിക്കും, എന്ന് ഒരാൾ. ഇല്ല ഈശ്വരൻ മനുഷ്യനായി അവതരിക്കുകയില്ല എന്ന് മറ്റൊരാൾ. മൂന്നാമതൊരാൾ പറയുന്നു ഈശ്വരൻ തന്നെയില്ലല്ലോ, പിന്നെ ആരാണ് അവതരിക്കുന്നത്. ഇവിടെ ശ്രീരാമകൃഷ്ണൻ ചോദിക്കുന്നു അല്ല ഇതൊക്കെപ്പറയാൻ ഇവർക്ക് എന്താണ് അർഹത. ഇവർ ഈശ്വരനെ അന്വേഷിക്കുകയോ കണ്ടെത്തുകയോ ചെയ്തിട്ടുണ്ടോ. സ്വയം അറിയാതെ സ്വന്തം മനസ്സിനെപ്പോലും നിയന്ത്രിക്കാൻ കഴിയാത്തവർ ഈശ്വരനെ വിലയിരുത്തുകയാണ്. നിശ്ചലമായ മനസ്സിലാണ് സത്യം തെളിഞ്ഞുവരുന്നത്. അവിടെ തർക്കമില്ല ആനന്ദം മാത്രം.

ആകാശം അനേകകോടി നക്ഷത്രങ്ങളാൽ ജാജ്വല്യമാനം. നമ്മുടെ ഭൂമി സ്വയം കറങ്ങിക്കൊണ്ട് സൂര്യനുചുറ്റും ഒരു വർഷം കൊണ്ട് പ്രദക്ഷിണം ചെയ്യുന്നു. സൂര്യനും മക്കളും കൂടി ക്ഷീരപഥത്തിന് ഒരു പ്രദക്ഷിണം വയ്ക്കുവാൻ ഇരുപത്തിരണ്ടേകാൽ കോടി വർഷമെടുക്കും. ഈ ക്ഷീരപഥവും കറങ്ങിക്കൊണ്ടിരിക്കുകയാണ്. ആരാൽ പ്രേരിതമായിട്ടാണ് ഈ കറക്കം. ലോകപ്രശ്നങ്ങളെപ്പറ്റി ഘോരഘോരം പ്രസംഗിക്കുമ്പോൾ നാമും കറങ്ങുകയാണെന്ന ഒരു ബോധം വേണം. പ്രപഞ്ചത്തിന്റെ താളം പോലെ നമ്മുടെ ഉള്ളിലും ശ്വസോച്ഛ്വാസത്തിനും ഹൃദയസ്പന്ദനത്തിനും ഒരു താളമുണ്ട്. ചിന്തകളും പ്രവൃത്തിയും തമ്മിലും താളമുണ്ടായിരിക്കണം. ആചാരാനുഷ്ഠാനങ്ങളിലൂടെ മനസ്സും വാക്കും പ്രവൃത്തിയും താളത്തിൽ കൊണ്ടുവരാം. മനസ്സ് ശാന്തമാകും. ഈ സംസ്കൃതിയാണ് ഭാരതത്തിന്റെ അടിത്തറ. സ്വാമി വിവേകാനന്ദൻ പറയുന്നു. മതങ്ങളുടെയെല്ലാം മാതാവാണ് ഹിന്ദുമതം. ഭാരതത്തിലേയ്ക്ക് ആശ്രയത്തിനും പ്രചരണത്തിനും വന്ന എല്ലാ മതസ്ഥരെയും ഭാരതം മക്കളെപ്പോലെ സ്വീകരിച്ച് സംരക്ഷിച്ചിട്ടുണ്ട്. എങ്ങും ആക്രമണത്തിന് പോയിട്ടില്ല. ഈ സംസ്കാരത്തിലൂന്നിയാണ് ഗാന്ധി സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകിയത്. മഹാത്മാക്കളുടെ പ്രവൃത്തികൾ ദീർഘവീക്ഷണത്തോടുകൂടിയുള്ളതാണ്. എല്ലാം

നമ്മുടെ കൊച്ചുബുദ്ധിക്ക് തിരിച്ചറിയാനാവില്ല.

ഗാന്ധി ഉപ്പ് സത്യാഗ്രഹത്തിന് പുറപ്പെട്ടപ്പോൾ നാട്ടിലെ നൂറു പ്രശ്നങ്ങൾക്കിടയിൽ എന്തിനാണ് ഈ പണിക്ക് പോകുന്നത് എന്നും കാലണയ്ക്ക് വേണ്ടത്ര ഉപ്പ് കിട്ടുമല്ലോ എന്നുമാണ് നേതാക്കന്മാർ പോലും ചോദിച്ചത്.സബർമതിയിൽ നിന്നും പുറപ്പെട്ടപ്പോൾ 78 പേരാണ് കൂടെ ഉണ്ടായിരുന്നത്. എന്നാൽ ദണ്ഡി കടപ്പുറത്തെത്തിയപ്പോൾ അത് മനുഷ്യമഹാസാഗരമായി മാറി. ബ്രിട്ടീഷ് സിംഹാസനത്തിന് ഇളക്കം തട്ടി. ഗാന്ധി നിയമം ലംഘിച്ച് കടൽജലം വറ്റിച്ച് ഉപ്പുണ്ടാക്കി. ഗാന്ധിജിയോളം നിയമലംഘനം നടത്തിയിട്ടുള്ളവരാരും ഭൂമിയിൽ ഉണ്ടായിട്ടില്ല.നിയമങ്ങൾ സത്യധർമ്മാദികളെ സംരക്ഷിക്കുവാനുള്ളതാണ്. നിയമജ്ഞരും മനുഷ്യരാണ്. അവർക്കും തെറ്റുപറ്റാം. അങ്ങനെ സംഭവിച്ചാൽ തിരുത്തണം. ചാരിത്ര്യം ഭാരതസ്ത്രീയുടെ മഹിമയാണ്,പുരുഷന് ഏകപത്നീ വ്രതവും.കുടുംബജീവിതത്തിന്റെ അസ്ഥിവാരമാണ് അത്. ഒരു കുടുംബിനിയുടെ താലിയുടെ വില നിർണ്ണയിക്കുവാൻ വെറുമൊരു സ്വർണ്ണവ്യാപാരിക്ക് ആകുകയില്ല. താലിക്ക് പകരമായി ഒരു സ്വർണ്ണക്കട തന്നെ കൊടുത്താലും താലി കിട്ടുകയില്ല. മൂല്യങ്ങൾക്കൊന്നും വിലകൽപ്പിക്കാതെ ദു:സ്വാതന്ത്ര്യം കൊടുത്തുകൊണ്ടുള്ള വിധി ഭാരത സംസ്കാരത്തിന് ഭൂഷണമല്ല. ആചാരങ്ങളാണ് സംസ്കാരത്തിന് അടിത്തറ പാകുന്നത്.പ്രതികരിക്കേണ്ടപ്പോൾ ധാർമ്മികമായി അഹിംസാത്മകമായി പ്രതികരിക്കണം. കുരുസഭയിൽ പാഞ്ചാലീവസ്ത്രാക്ഷേപം നടന്നപ്പോൾ നിയമവശം പറഞ്ഞ് അത് തടയാൻ കെൽപ്പുള്ളവർ ഭീഷ്മരെപ്പോലെ നിഷ്ക്രിയരാവരുത്. പാഞ്ചാലിയുടെ തുണി ഉരിയാൻ നേരം ദുശ്ശാസനനോട് ഇരിയെടാ അവിടെ എന്ന് ഭീഷ്മർ പറഞ്ഞിരുന്നെങ്കിൽ ഒരുപക്ഷേ കുരുക്ഷേത്രയുദ്ധം തന്നെ ഒഴിവായേനെ. മൗനമായി ഇരുന്ന് രക്തം ദുഷിച്ചു. യുദ്ധമുണ്ടായി അർജ്ജുന ശരമേറ്റ് ഭീഷ്മർ വീണു. ശരശയ്യയിൽ കിടന്നപ്പോഴാണ് ആ അശുദ്ധരക്തമെല്ലാം പുറത്തേയ്ക്ക് വാർന്നൊഴുകി ഭീഷ്മർക്ക് മുക്തി ലഭിച്ചത്. പിന്നീടാണ് ധർമ്മപുത്രർക്കുവേണ്ട ജ്ഞാനോപദേശം നൽകിയത്.

അച്ഛന് (പങ്കജാക്ഷകുറുപ്പ്) മൂന്നര വയസ്സുള്ളപ്പോൾ അപ്പുപ്പനായ വട്ടപ്പായിത്ര കൃഷ്ണപ്പണിക്കർ പ്രമേഹം വന്ന് മരിച്ചുപോയി. അപ്പൂപ്പൻ സ്ഥാപിച്ച വട്ടപ്പായിത്ര ക്ഷേത്രത്തിൽ അപ്പുപ്പനും

ഒരു ഇടമുണ്ടായി. ക്ഷേത്രത്തിലെത്തുന്നവർ അവിടെയും കൈ കൂപ്പുന്നു.അച്ഛന്റെ ഓർമ്മയിൽപ്പോലും പിതാവിനെ കണ്ടിട്ടില്ല. എങ്കിലും മഹത്വം കേട്ടറിഞ്ഞ് അച്ഛന്റെ മരണം വരെ പിതാവിന്റെ എല്ലാ പിറന്നാളുകളും അച്ഛൻ ആചരിച്ചിരുന്നു. ഇന്നും ഞങ്ങൾ അത് തുടരുന്നു. യുക്തിക്ക് അതിനെക്കുറിച്ച് എന്ത് പറയാൻ കഴിയും. എന്നാൽ എത്രയോ മധുരോദാരമായ ഒരാചാരമാണ് അത്. 'ഇന്ന് എന്റെ അച്ഛന്റെ പിറന്നാളാണ്. ഞാൻ എന്റെ കുട്ടിയെ സ്നേഹച്ച് വളർത്തുന്നതുപോലെയല്ലേ എന്നെ എന്റെ മാതാപിതാക്കൾ വളർത്തിയത്. അവർ എനിക്ക് എത്ര ഉമ്മ തന്നിട്ടുണ്ടാവും. എന്നെ ക്കുറിച്ച് എന്തെല്ലാം സ്വപ്നങ്ങൾ അവർ നെയ്തിരിക്കണം. അതെല്ലാം സാധിച്ചുകൊടുക്കുവാൻ എനിക്ക് കഴിഞ്ഞുവോ?ഇന്ന് എനിക്ക് അറിഞ്ഞുകൂടാത്ത ഏതോ ലോകത്തുള്ള അവർക്കായി ഞാൻ മംഗളം നേരുന്നു'. ഈ ഭാവനകൾ നമ്മുടെ അന്തഃകരണത്തെ ശുദ്ധവും സുന്ദരവുമാക്കും. കർമ്മങ്ങൾക്ക് മാധുര്യം പകരും. അതാണ് നമ്മുടെ സംസ്കാരം. സദാചാരത്തിലോ സംസ്കൃതി യിലോ വിശ്വാസമില്ലാത്തവരുണ്ടാവാം.അതിന് കുഴപ്പമില്ല.എന്നാൽ അവരും ഏതെങ്കിലും തരത്തിൽ ആചാരാനുഷ്ഠാനങ്ങൾ നടത്തു ന്നവരാണ്. രക്തസാക്ഷി മണ്ഡപത്തിലെ പുഷ്പാർച്ചനയും ഒരാ ചാരമാണ്. ആഘോഷങ്ങളും കൊടിയും ദീപ ശിഖാപ്രയാണങ്ങളും ആചാരം തന്നെ. വ്യത്യസ്ഥമായ വഴികൾ നിലനിൽക്കട്ടെ. പരസ്പര ആദരവ് ഉണ്ടായിരിക്കണം. ഭൂമിയെപ്പോലെ എല്ലാം പരസ്പരാന ന്ദത്തോടെ ഉൾക്കൊള്ളുന്ന സമീപനശൈലിയാണ് സന്തോഷകര മായ ഒരു ജീവിതത്തിന് ആധാരം.

## ദേഹവിയോഗങ്ങൾ

### ഭീകരാക്രണമത്തിൽ അന്തരിച്ച സൈനികർക്ക് ആദരാഞ്ജലികൾ അർപ്പിച്ച് കൃപ

കൃപയുടെ സുഹൃത്തുക്കൾ വണ്ടാനം ആശുപത്രി ജംഗ്ഷ നിൽ ഒത്തുചേർന്ന് പുൽവാമയിൽ രക്തസാക്ഷിത്വം വരിച്ച സൈനി കർക്ക് സ്മരണാഞ്ജലി അർപ്പിച്ച് പ്രാർത്ഥിച്ചു. പ്രദീപ് കൂട്ടാല, ഹംസ കുഴിവേലി തുടങ്ങിയവർ രാജ്യത്തിന്റെ അഖണ്ഡത കാത്തു

സൂക്ഷിക്കുവാൻ ഓരോ ഭാരതീയനും പ്രതിജ്ഞാബദ്ധം എന്ന് ഓർമ്മിപ്പിച്ചു. മനുഷ്യർ യുദ്ധം ചെയ്യേണ്ടത് അയൽക്കാരോടല്ല. ദൗർബല്യങ്ങളോടും ദാരിദ്ര്യത്തോടും ആയിരിക്കണം. ഓരോ രാജ്യത്തിനും അവരവരുടെ പ്രശ്നങ്ങൾ തന്നെ ധാരാളം ഉണ്ട്. പിന്നെ എന്തിനാണ് കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുവാൻ അതിർത്തി ലംഘിക്കുന്നത്. ഇങ്ങനെ ആദരാഞ്ജലികൾ അർപ്പിക്കുവാൻ ഉള്ള സാഹചര്യം ഭാവിയിൽ ഉണ്ടാകരുതേ എന്ന് പ്രാർത്ഥിക്കാം. ദൈനം ദിനം ഇരുവശവും മരണം സംഭവിക്കുന്നു. ഇവർ ആരും റോബോട്ടുകൾ അല്ല. മാതാപിതാക്കൾ പെറ്റ് മുലഊട്ടി വളർത്തിയവരാണ്. സൈനികർ രാജ്യ സംരക്ഷണ ശ്രമത്തിനിടയിലും തീവ്രവാദികൾ അഹങ്കാരം കൊണ്ടും തെറ്റിദ്ധാരണകൊണ്ടും കലാപത്തിൽ ഏർപ്പെട്ട് മരിച്ചുപോകുന്നു. എല്ലാ വേർപാടുകളിലും കുടുംബാംഗങ്ങൾ കണ്ണീര് പൊഴിക്കുന്നു. എന്ന് ഇത് അവസാനിക്കും ? ദർശനത്തിന്റെ മാനുഷിക ധ്യാനം ബ്രഹ്മാസ്ത്ര തുല്യമാണ്. അതിൽ മൈത്രീഭാവന പുരട്ടി അയച്ചുകൊള്ളുക. ഈ അഗ്നിഗോളം തണുത്തുവരും. ദർശനത്തിന് ഈ വിചാര ലോകത്തിനപ്പുറം ഒന്നും ചെയ്യുവാൻ കഴിയുന്നില്ല. ഓരോ രാജ്യവും അതിന്റെ സംസ്ക്കാരവും പാരമ്പര്യവും നിലനിർത്തികൊണ്ട് വേണം വിശ്വസാഹോദര്യതലത്തിലേക്ക് ഉയർന്ന് വരുവാൻ. ഒന്നും ഇല്ലായ്മ ചെയതു കൊണ്ട് സൃഷ്ടികർമ്മം നടക്കുകയില്ല. എല്ലാവരും ഈ മഹാ പ്രകൃതിയുടെ ഭാഗം ആണ്. പരസ്പര ആദരവ് വെച്ച് പുലർത്തുക. "***ലോകാ സമസ്താ സുഖിനോ ഭവന്തു***"

## തോമസ് സക്കറിയ

പ്രിയപ്പെട്ട തോമസിനെ കുറിച്ച് എഴുതുന്നത് വേദനാജനകമാണ്. അത്രക്ക് ഇഷ്ടം ആയിരുന്നു ഞങ്ങൾ തമ്മിൽ. ഇണ പ്രാവുകൾ - ജോളിയും തോമസും. ഒന്നിച്ച് അല്ലാതെ കണ്ടിട്ടില്ല. ഇടക്ക് വന്ന് ഏറേ നേരം കുശലം പറഞ്ഞിരിക്കും. വരുമ്പോൾ പലപ്പോഴും പറഞ്ഞിട്ടുണ്ട്. ഡോക്ടർ ഒന്ന് കണ്ണടച്ചേ ഞാനുടനെ കണ്ണടക്കും ? പിന്നെ തോമസ് പറയാതെ തുറക്കില്ല. കൈ നീട്ടിയേ, ഞാൻ കൈനീട്ടും. ഒരിക്കൽ ഒരു സ്റ്റൈലൻ കുട, പിന്നെ ഒരിക്കൽ ഒരു റേഡിയോ അങ്ങനെ പലതും. കൈയ്യിൽ വെച്ചുതരും. എന്നോട്

കണ്ണടക്കാൻ പറഞ്ഞിട്ട് തോമസ് ഇത്രപെട്ടന്ന് കണ്ണടുക്കുമെന്ന് ഞാൻ കരുതിയില്ല. എനിക്ക് തോന്നിയിട്ടുണ്ട് ജോളി കഴിഞ്ഞാൽ എന്നോടായിരിക്കും കൂടുതൽ ഇഷ്ടമെന്ന് എന്നാൽ തോമസിന് എല്ലാവരോടും സ്നേഹം തന്നെ. ഇത് യേശുവിന്റെ അനുയായി ആയിരുന്ന തോമസ് തന്നെ. ഉറച്ച ദൈവ വിശ്വാസി. കർമ്മങ്ങൾ എല്ലാം നേരത്തെ ചെയ്തു തീർത്തു. അൽപം പ്രഷറും ഷുഗറും ഉണ്ടായിരുന്നു. ഒരു ക്ഷീണം തോന്നിയപ്പോൾ നമുക്ക് ഡോക്ടറെ ഒന്ന് കാണാം എന്ന് പറഞ്ഞു ജോളിയുടെ തോളത്ത് തന്നെ തല ചായിച്ച് നിമിഷങ്ങൾക്കകം അന്ത്യശ്വാസം വലിച്ചു. ഹൃസ്വമായ വിടവാങ്ങലോടെ യേശുവിൽ ലയിച്ചു. തോമസിന്റെ വീടിന്റെ ജനാലയിലൂടെ തന്നെ സഹോദരിയുടെ വീടും കാണാം. ജനുവരി 19-ാം തീയതി രാവിലെ ജനാലയിലൂടെ ചേച്ചിയോടു കുശലം പറഞ്ഞ് അഞ്ച് മിനിട്ടിനകം ആയിരുന്നു സംഭവങ്ങൾ. ആലപ്പുഴ ഡി.ഇ.ഒ യും പ്രമുഖ സാമൂഹിക പ്രവർത്തകയുമായിരുന്ന മേരി സക്കറിയ യുടെ പുത്രനായ തോമസ് സൈബർ ഗ്രാഫിക്സ് എന്ന ഇൻസ്റ്റിട്യൂട്ട് നടത്തികൊണ്ടിരിക്കേയാണ്. ദർശനവുമായി ബന്ധപ്പെട്ടത്. ഞങ്ങൾക്ക് എങ്ങോട്ടെങ്കിലും ഒന്ന് പോകണമെങ്കിൽ തോമസ് അറിയാതെ വേണം പോകുവാൻ. അറിഞ്ഞാൽ വണ്ടിയുമായി റെഡി. അല്പം കൂടിയ ആത്മാർത്ഥത അത് തോമസിന് സ്വന്തം. ആ ചിരി ഇപ്പോഴും മായാതെ നിലനിൽക്കുന്നു.

തോമസ് നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ മൂന്നാം നിലയിൽ ദർശനം പ്രവർത്തക യോഗം കൂടിയിട്ടുണ്ട്. ഞങ്ങളോടൊപ്പം വനയാത്രകൾക്ക് പങ്കെടുത്തിട്ടുണ്ട്. ഹോമിയോ മരുന്ന് വാങ്ങാറുണ്ട് മരുന്ന് കഴിച്ചിട്ട് നല്ല കുറവുണ്ടെന്നല്ലാതെ തോമസ് ഇതുവരെ പറഞ്ഞിട്ടില്ല. അത് തോമസിന്റെ നല്ല മനസ്. തോമസ് വരുമ്പോൾ മരുന്നുകാർ ഉണ്ടെങ്കിൽ ഇരുവരും അടുക്കളയിൽ കയറി തപ്പിപ്പെറുക്കി കഴിക്കുകയോ സുജീവിതം വായിക്കുകയോ ഒക്കെ ചെയ്തു കൊള്ളും. ഈശ്വരനിശ്ചയം അനുസരിച്ചുള്ള ഭൂമിയിലെ സമയം സന്തോഷമായി ജീവിച്ച് തീർത്ത സുഹൃത്തേ നിങ്ങൾ സ്വർഗ്ഗത്തിലേക്കാണ് പോയതെന്ന ബോധ്യം ഞങ്ങൾക്ക് ആശ്വാസം തരുന്നു. ഇനി തോമസ് ആത്മ ഭാവത്തിൽ കൂടെ ഉണ്ടെന്ന ബോധ്യം ജോളിക്ക് താങ്ങായിരിക്കട്ടെ.

**ബീഫാത്തിമ**

നമ്മുടെ കമാൽ മാക്കിയിലിന്റെ ഉമ്മ ബീഫാത്തിമ വാർദ്ധ്യ ക്യസംബന്ധമായ അസുഖത്തെ തുടർന്ന് അന്തരിച്ചു. മരണാനന്ത രചടങ്ങുകൾക്ക് ദർശനവും പങ്കെടുത്തു. ഒരുകാലത്ത് ദാരിദ്ര്യ ത്തിന്റെ നടുവിലും തന്റെ പതിനൊന്നു മക്കളെ പെറ്റുവളർത്തി ഒന്നിനേയും കാക്കയ്ക്കും പരുന്തിനും കൊടുക്കാതെ സംരക്ഷിച്ച് ഉന്നത നിലകളിൽ എത്തിച്ച ധന്യയായ മാതാവ് ബീഫാത്തിമയ്ക്ക് ദർശനത്തിന്റെ പ്രണാമം. പതിനൊന്നു മക്കളാൽ സമ്പന്നയായ ഈ ഉമ്മയുടെ അഞ്ചാമത്തെ പുത്രനാണ് കമാൽ. ഈസ്റ്റ് വെന്നീസ് മോട്ടോഴ്സിന്റെ എം.ഡി ആയ കമാൽ കുറുപ്പു സാറിന്റെ ശിഷ്യനും ദർശനം അഭ്യൂദയകാംക്ഷിയുമാണ്. അച്ഛന്റെ ക്ലാസ്സിൽ പഠിക്കു മ്പോൾ വിനോദയാത്രയ്ക്ക് കന്യാകുമാരിയിൽ പോകുവാനായി കമാലും പേര് കൊടിത്തിരുന്നു. കൗതുകകരമായ ആ സംഭവം കൂടി ഇവിടെ അനുസ്മരിക്കുന്നു. അന്ന് 7 രൂപയാണ് യാത്രാഫീ സ്. 2 രൂപ ആദ്യം കൊടുത്തു. യാത്രാ സമയമടുത്തപ്പോൾ ബാക്കി 5 രൂപയ്ക്ക് മാർഗ്ഗം ഇല്ലാതെ വേദനയോടെ കമാൽ യാത്ര വേണ്ടെന്ന് വെച്ചു. അത് അറിഞ്ഞ് കുറുപ്പ് സാർ പണം നൽകി പ്രശ്നം പരിഹരിച്ചു. കാലം കടന്നുപോയി. കമാൽ പഠിപ്പിന് ശേഷം വ്യാപാര രംഗത്ത് വളർന്ന് വികസിച്ചു. അതോടൊപ്പം കുറുപ്പുസാ റുമായുള്ള സ്നേഹബന്ധവും.

ഒരിക്കൽ വ്യാപാരസംബന്ധമായി സിലോണിലേക്ക് വിമാന ത്തിൽ പൊയ്ക്കൊണ്ടിരുന്നപ്പോൾ പൈലറ്റ് അറിയിച്ചു നാം ഇപ്പോൾ കന്യാകുമാരിക്ക് മുകളിലൂടെ ആണ് യാത്ര ചെയ്യുന്നത്. അതാ ഇടതുവശം വിവേകാനന്ദപ്പാറ കണ്ടുകൊള്ളുക. ആ ദൃശ്യം കണ്ട കമാൽ പുന്നപ്ര സ്ക്കൂളിലെ ഒരു കുട്ടിയായിരുന്നപ്പോൾ അവിടെ വന്നതും കുറുപ്പ് സാറിന്റെ കൈത്താങ്ങും ഓർത്തു. ആ ഗതകാല സ്മരണയിൽ ലയിച്ചു വിവേകാനന്ദപ്പാറ നോക്കി കണ്ട പ്പോൾ ഉണ്ടായ മാനസിക ഉല്ലാസത്തിൽ കുറുപ്പുസാർ അവിടെ നിന്നും തന്നെ നോക്കി കൈവീശുംപോലെ ഒരു തോന്നൽ അനു ഭവപ്പെട്ടു. ആ സംതൃപ്തിയോടെ ശ്രീലങ്കയിലെത്തി. അവിടെ വെച്ചാണ് ഒരു സുഹൃത്ത് വിളിച്ച് പങ്കജാക്ഷകുറുപ്പുസാർ അന്തരി ച്ചതായുള്ള വേദനാജനകമായ വാർത്ത അറിയിച്ചത്. മരണസമയം

ചോദിച്ചപ്പോൾ കന്യാകുമാരിക്ക് മുകളിലൂടെ വിമാനം പറന്ന സമയം തന്നെ. എല്ലാം യാദൃശ്ചികമാകാം. എങ്കിലും കമാൽ അമ്പരന്നു പോയി. അനുഭവങ്ങൾ യാഥാർത്ഥ്യങ്ങൾ. എല്ലാം കാര്യകാരണ ബദ്ധം. ഇന്നും സ്മരണാഞ്ജലി നടക്കുന്ന വേളകളിൽ തിരക്കിനിട യിലും കമാൽ മാക്കിയിൽ ഓടി എത്തുന്നു. കുറുപ്പ് സാറിന്റെ ആത്മീയ സാന്നിദ്ധ്യം തേടി.

**മുരളിസാർ**

സാമൂഹിക രംഗത്ത് തന്റേതായ വ്യക്തി മുദ്ര പതിപ്പിച്ച സുസ മ്മതനായ പൊതുപ്രവർത്തകൻ ആയിരുന്നു മുൻ പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന മുരളിസാർ. കുറച്ച് നാൾ ആയി രോഗ ബാധിതനായിരുന്ന ചേട്ടൻ ഹൃദയസംബന്ധമായ അസുഖത്തെ തുടർന്ന് അന്തരിച്ചു. ദർശനം അയൽവാസിയായ ചേട്ടന്റെ വീട്ടിൽ മാസിക കൊടുക്കുവാൻ പോകുമ്പോൾ അച്ഛനെ കുറിച്ച് നാല് നല്ല വാക്കുകൾ കൂടി കേൾക്കാം. സഹധർമ്മിണി സരോജിനി ചേച്ചി ദർശനം ശ്രദ്ധാപൂർവ്വം വായിച്ച് കൃത്യമായി വിലയിരുത്താറുണ്ട്. ദർശനം ഇറങ്ങിയാൽ ഞാൻ അത് പ്രതീക്ഷിച്ചിരിക്കും. തന്റെ കൗഡുംമ്പിക കർമ്മങ്ങൾ എല്ലാം യഥാവിധി ചെയ്തു തീർത്ത് സ്വതന്ത്രനായി യവനികയ്ക്ക് പിന്നിലേക്ക് നീങ്ങിയ മുരളിസാറിന് ദർശനത്തിന്റെ അഭിവാദ്യങ്ങൾ.

## ഉണ്ണി അമ്മായി കഞ്ഞിപ്പാടം

വടക്കേ പറമ്പിൽ ഹരി മരുന്നിന് വന്നപ്പോൾ ഞാൻ ചോദിച്ചു ഉണ്ണി അമ്മായിയുടെ പേരെന്താണ് ? ശാന്തമ്മ എങ്കിലും നാട്ടു കാർ ഉണ്ണിച്ചേട്ടന്റെ ഭാര്യയെ ഉണ്ണി അമ്മായി എന്ന് വിളിച്ചു. സാധു വായ സ്ത്രീ. പ്രസ്സ് ജീവനക്കാരനായിരുന്ന ഉണ്ണിചേട്ടന്റെ മരണ ശേഷം കൃഷിപണിയും വീട്ടുജോലിയും ചെയ്തു മകൾ സീതയെ പഠിപ്പിച്ചു. ശങ്കേഴ്സ് ലാബിൽ ജോലി ആയി. അച്ഛന്റെ സഹോദരി പുത്രൻ സീതയെ വിവാഹം ചെയ്തു. ഉണ്ണി അമ്മായിക്ക് അറിയ പ്പെടുന്ന ബന്ധുക്കൾ കുറവ് എന്നാൽ അയൽക്കാർ എല്ലാം കൂടെ ഉണ്ട്. പക്ഷാഘാതം മൂലം ആശുപത്രിയിലായപ്പോൾ നാട്ടുകാരും ലാബിലെ ജോലിക്കാരും വേണ്ട ശുശ്രൂഷകൾ ചെയ്തു. ഒന്നിനും ഒരു കുറവുണ്ടായില്ല. എന്നാൽ രോഗം ഭേദമാക്കുവാൻ വൈദ്യ ശാസ്ത്രത്തിന് ആകുമായിരുന്നില്ല. ഭക്ഷണത്തിനായി ഒരു കുഴലും

ഘടിപ്പിച്ച് അബോധാവസ്ഥയിൽ ഉണ്ണി അമ്മായി വീട്ടിലേക്ക് പോന്നു. രാത്രി സീത വിളിച്ചു ചേട്ടാ അമ്മയ്ക്ക് വലിയ ശ്വാസത ടസ്സം. അസ്വസ്ഥത. ഭക്ഷണകുഴൽ ഊരി മാറ്റി ഔഷധവും വേവിച്ച ഭക്ഷണവും ഒഴിവാക്കി. കരിക്കിൻ വെള്ളവും തുളസിനീരും പഴ ച്ചാറുകളും മാത്രം നൽകി അത് അവർ കുറേശേ കുടിച്ചു. പേരു പോലെ ശാന്തയായി. മുഖം പ്രസന്നം. ഒരു മാസം അങ്ങനെ കിട ന്നിട്ട് സ്വസ്ഥത യോടെ മരണമെന്ന വാതിലിലൂടെ കടന്നുപോയി.

എത്ര പേർക്കിന്നു സന്തോഷമായി ജീവിക്കുവാനും ശാന്ത മായി മരിക്കുവാനും കഴിയുന്നു. ആശുപത്രി മരണങ്ങൾ സുഖ മരണങ്ങളാണോ. സംഘർഷമുക്തമായ മനസിനെ ശാന്തി ലഭിക്കൂ. വിടർന്ന ഒരു പൂ പോലെ സുഗന്ധം പരത്തുന്ന അവസ്ഥ യിലേക്ക് മനസ് പരിവർത്തനം ചെയ്യുമ്പോൾ എല്ലാവരോടും സ്നേഹപൂർവ്വം പെരുമാറുമ്പോൾ മനസ് ശാന്തമാകുന്നു. നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും കാരണം നമ്മുടെ നിർബന്ധബുദ്ധിയാണ്. ഈ ലോകം നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചല്ല ചലി ക്കുന്നത്. ജഗദീശ്വരന്റെ ഇച്ഛാനുസരണമാണ്. നാം അതിനോട് ചേർന്ന് നിൽക്കുക. അപ്പോൾ ജീവിതവും മരണവും മധുരമാകും.

## സങ്കോചത്തിൽ നിന്നും വികാസത്തിലേക്ക്

**ഇന്നത്തെ ലോകത്തിൽ വ്യക്തി വ്യക്തിയിലേക്കും ജാതി ജാതിയിലേക്കും മതം മതത്തിലേക്കും ചുരുങ്ങുകയാണ്. നമുക്ക് മതബോധവും രാഷ്ട്രബോധവും ഒക്കെ ഉണ്ട്. എന്നാൽ ലോകം ഒരു കുടുംബമാണെന്ന ബോധം തീരെ കുറവാണ്. വ്യക്തി ബോധം സമൂഹബോധമായി വളരണം. മതബോധം മൂല്യബോധ മായി വളരണം. പാർട്ടി ബോധം രാഷ്ട്രബോധമായി വികസി ക്കണം. രാഷ്ട്രബോധം വിശ്വമാനവ ബോധമായി വികസിക്കണം. ഞാനെന്ന ഭാവത്തിൽ നിന്നും നമ്മൾ എന്ന ഭാവത്തിലേക്കാണ് വളരേണ്ടത്. ഞങ്ങൾ എന്ന ഭാവത്തിലേക്കല്ല.**

## മടിശ്ശീല

ഡോ. ചന്ദ്രമതി - 500, കൃഷ്ണദാസ് സാർ - 500, സുലൈ മാൻ, പുന്നപ്ര - 100, അനീഷ് - പാർവ്വതി - 500, വിഷ്ണു, ആലുവ - 200, രാജപ്പൻപിള്ള, കരുമാടി - 200, ദിനേശ് ബാബു-200 പഴ വീട്, എല്ലാവർക്കും പ്രണാമം.

സത്യം

അഹിംസ

# ദർശനം മാസിക

വില : 3/-

No. R. No. 24812 / 73

EDITOR : DARSANAM, NEERKUNNAM, ALAPPUZHA, KERALAM-688 005.
Phone : 0477 2282377, E-mail : darsanamkanjippadom@gmail.com

To

## പഞ്ചശീലങ്ങൾ.

1. അതിരുകൾ പരസ്പരം തുറന്നിടുക. പുതിയ ബന്ധുത്വലോകം ഓരോ മനസ്സിലും സ്വപ്നമായി വിരിഞ്ഞുകൊണ്ടേയിരിക്കണം. ഒരു സാഹചര്യത്തിലും നിരാശപ്പെടരുത്. ലോകത്താർക്കും വേണ്ടെങ്കിലും നവലോകം എനിക്ക് വേണം എന്നുറപ്പാക്കണം.

2. സകലതിനോടും ആത്മബന്ധം പുലർത്താൻ പരിശീലിക്കുകയാകണം നിത്യജീവിതം.

3. തികച്ചും വിപരീതമായ സാഹചര്യത്തിലും അപരനോടുള്ള ബന്ധം പൊട്ടിപ്പോകാതെ നിലനിർത്തത്തക്കവണ്ണമായിരിക്കണം വാക്കും ഭാവവും പ്രവൃത്തിയും.

4. ധനിക-ദരിദ്ര ഭേദമെന്യേ ആബാലവൃദ്ധം ജനങ്ങളും കയ്യിൽ വരുന്നതിന്റെ പങ്ക് മറ്റുള്ളവർക്കുകൂടി കൊടുത്തും വാങ്ങിയും ശീലിക്കണം. ദിവസേന അരമണിക്കൂറെങ്കിലും എല്ലാവരും അവരവരുടെ ചുറ്റുവട്ടത്തിൽ ഒന്നിച്ച് ദേഹാദ്ധ്യാനം ചെയ്യണം.

5. നിത്യേന 15 മിനിറ്റെങ്കിലും അയൽക്കാർ വീടുകളിൽ മാറിമാറി വട്ടംകൂടി കുശലപ്രശ്നം ചെയ്യുക ജീവിതസംസ്ക്കാരമാക്കണം.

Edited, Printed & Published by : Dr.P.Radhakrishnan
Telephone : 0477 2282377, 9496158249

Founder Editor : D.Pankajaksha Kurup
at Chaithanya Offset Printers, Punnapra. Phone : 9895505306